407
VOL. 18 | ISSUE 16
Pages 12

# ഹാലേലൂയ്യ

16-30 SEPTEMBER, 2013 • ക്രൈസ്തവ ദ്വൈവാരിക
Published From Thiruvalla on September 15 Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96
Price Rs. 10/-

# ലോകത്തിലെ ഏറ്റവും വലിയ മലയാളി പെന്തെക്കോസ്ത് ആരാധനാലയം ഹ്യൂസ്റ്റണിൽ, നിർമ്മാണം പൂർത്തിയായി



ഹ്യൂസ്റ്റൺ: ലോകത്തിലെ ഏറ്റവും വലുതും ചിലവേറിയതുമായ മലയാളി പെന്തെക്കോസ്ത് ആരാധനാലയം ഹ്യൂസ്റ്റണിൽ നിർമ്മാണം പൂർത്തിയായി. 1974-ൽ ആരംഭിച്ച ഐ.പി.സി.ഹെബ്രോൻ സഭക്ക് വേണ്ടി പുതുതായി നിർമ്മിച്ച ആരാധനാലയമാണ് ചരിത്രത്തിൽ ഇടം നേടുന്നത്. ഏകദേശം 50,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഈ ആരാധനാലയത്തിന് 5½ മില്യൺ ഡോളറാണ് (ഏകദേശം 40 കോടി രൂപ) നിർമ്മാണച്ചിലവ്.

ഇന്ത്യാ ദൈവസഭാ ഹെബ്രോൻ ചർച്ച് ആരാധനാലയത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നവംബർ മാസത്തിൽ നടക്കും. സെപ്തംബർ 22 മുതൽ ഈ ആലയത്തിൽ ആരാധന ആരംഭിക്കുമെന്ന് സഭാ ശുശ്രൂഷകൻ റവ.ഷാജി ഡാനിയേൽ അറിയിച്ചു. ഹ്യൂസ്റ്റണിലെ ആദ്യ മലയാളി സഭയാണ് ഐ.പി.സി.ഹെബ്രോൻ. പാസ്റ്റർ ജോൺ ഡാനിയേൽ, പാസ്റ്റർ കെ.സി.ചാക്കോ, പാസ്റ്റർ വി.എ. വർഗീസ്, എന്നിവർ ഈ സഭയുടെ മുൻകാല ശുശ്രൂഷകരാണ്. പാസ്റ്റർ വി.എ.വർഗീസിന്റെ ശുശ്രൂഷാ കാലഘട്ടത്തിലാണ് സഭക്ക് പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചത്. തീയേറ്റർ മോഡലിൽ നിർമ്മിച്ചിരിക്കുന്ന പള്ളിയിൽ ആംറെസ്റ്റുള്ള കുഷ്യൻ സീറ്റുകളാണ് നൽകിയിരിക്കുന്നത്. അത്യാധുനിക ശബ്ദ സംവിധാനങ്ങളും, ഡിജിറ്റൽ ലൈറ്റ് സിസ്റ്റവുമുള്ള ആലയത്തിൽ ആരാധനാ സ്ഥലം കൂടാതെ ചിൽഡ്രൻസ് ചർച്ച്, ഫെലോഷിപ്പ് ഹാൾ, അഡ്മിനിസ്ട്രേഷൻ വിങ്സ്, സൺഡേസ്കൂൾ മുറികൾ തുടങ്ങിയ വിശാലമായ സംവിധാനങ്ങളുമുണ്ട്. 500-ഓളം കാറുകൾ പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് ഏറിയായും ക്രമീകരിച്ചിട്ടുണ്ട്. ഹ്യൂസ്റ്റൺ സിറ്റിയിൽ ബെൽറ്റ് വേ 8 എന്ന ടോൾ റോഡിന്റെ സൈഡിലുള്ള 9 ഏക്കർ സ്ഥലത്താണ് പള്ളി പണിതിരിക്കുന്നത്. പഴയ സഭാ ഹാളിൽ നിന്ന് 5 മൈൽ മാറിയാണ് പുതിയ ആലയം.

## ഐ.പി.സി.കർണ്ണാടക സ്റ്റേറ്റ് കൺവൻഷൻ






ഹോരേമാവ്: ഐ.പി.സി.കർണ്ണാടക സ്റ്റേറ്റ് വാർഷിക കൺവൻഷൻ സെപ്തംബർ 26-29 വരെ ഹോരേമാവ് അഗാര ഐ.പി.സി.ഹെഡ്ക്വാർട്ടേഴ്സിൽ നടക്കും. കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി.തോമസ്, പാസ്റ്റർ ബാബു ചെറിയാൻ (പിറവം), പാസ്റ്റർ സാം ജോർജ്ജ് (പ്രസിഡന്റ് ബാംഗ്ലൂർ സെന്റർ വൺ), പാസ്റ്റർ വിത്സൺ ജോസഫ് (പ്രസിഡന്റ് കർണ്ണാടക സ്റ്റേറ്റ്) എന്നിവർ മുഖ്യപ്രസംഗകരായിരിക്കും. പാസ്റ്റർ ഏബ്രഹാം മാത്യു (ജനറൽ കൺവീനർ), പാസ്റ്റർ ജോൺ മാത്യു (ഡി.വൈസ് പ്രസിഡന്റ്), പാസ്റ്റർ വർഗീസ് ഫിലിപ്പ് (ഡി. സെക്രട്ടറി), പാസ്റ്റർ വിജു മാത്യു (പബ്ലിസിറ്റി കൺവീനർ) എന്നിവർ നേതൃത്വം നൽകും.


## ഐ.പി.സി.നോർത്തേൺ റീജിയൻ ജനറൽ കൺവൻഷൻ

ന്യൂഡൽഹി/ഭോപ്പാൽ: ഐ.പി.സി. നോർത്തേൺ റീജിയൻ 43-ാമത് ജനറൽ കൺവൻഷനും ശുശ്രൂഷക സമ്മേളനവും ഒക്ടോബർ 21-27 വരെ ഭോപ്പാൽ ഗോവിന്ദപുരയിലുള്ള ക്രൈസ്റ്റ് ചർച്ചിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ സാമുവേൽ ജോൺ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ രാജു മേത്ര മുഖ്യ സന്ദേശം നൽകും. ഐ.പി.സി.സീനിയർ ശുശ്രൂഷകന്മാരും പ്രസംഗിക്കും. 21-24 വരെ ശുശ്രൂഷക സമ്മേളനം, 23-26 വരെ വൈകുന്നേരം സുവിശേഷ യോഗങ്ങൾ, 26-ന് പ്രതിനിധി സമ്മേളനം, സഹോദരി സമ്മേളനം, സണ്ടേസ്കൂൾ-പി.വൈ.പി.എ.വാർഷിക സമ്മേളനവും നടക്കും. 27ന് സംയുക്ത ആരാധനയുണ്ടായിരിക്കും. സയോൺ സിംഗേഴ്സ് ആരാധനക്ക് നേതൃത്വം നൽകും. പാസ്റ്റർമാരായ പി.എം.ജോൺ, ലാജി പോൾ, സാമുവേൽ തോമസ്, രാജു പി.നായർ, സഹോദരന്മാരായ എം.ജോണിക്കുട്ടി, പി.ജെ. ജേക്കബ്, എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റികൾ പ്രവർത്തിക്കുന്നു. ഫോൺ: 09810687004


*പാസ്റ്റർ സാമുവേൽ ജോൺ*


*പാസ്റ്റർ രാജു മേത്ര*

## സൗത്തിന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് കോൺഫ്രൻസ്: കോഴിക്കോട് ഒരുങ്ങുന്നു





*റവ. ഡൈറ്റ് സൂററ്റ്, ഡോ. ഡേവിഡ് ഗ്രാന്റ്, റവ.വി.റ്റി.ഏബ്രഹാം*

**കോഴിക്കോട്:** എസ്.ഐ.ഏ.ജി പ്രതിനിധികളെ വരവേൽക്കാനായി കോഴിക്കോട് പട്ടണം തയ്യാറായി. ദക്ഷിണേന്ത്യയിലെ ഔട്ട് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള 5500 ഓളം സഭകളിൽ നിന്നായി നൂറുകണക്കിന് പ്രതിനിധികൾ കോൺഫ്രൻസിനെത്തും. സെപ്റ്റംബർ 24-26 വരെ കോഴിക്കോട് ടാഗോർ സെന്റനറി ഹോളിലാണ് സമ്മേളനം നടക്കുന്നത്.

"കിംഗ്ഡം അഡ്വാൻസ്മെന്റ്" എന്നതാണ് സമ്മേളന തീം. റവ. ഡൈറ്റ് സൂററ്റ്, ഡോ. ഡേവിഡ് ഗ്രാന്റ്, എസ്.ഐ.എ.ജി സൂപ്രണ്ട് റവ. വി.റ്റി.ഏബ്രഹാം എന്നിവരാണ് മുഖ്യ പ്രസംഗകർ. സമ്മേളനത്തോടനുബന്ധിച്ച് രണ്ടു വർഷത്തെ പ്രവർത്തന റിപ്പോർട്ടും, കണക്കുകളും അവതരിപ്പിക്കും. അതിന് ശേഷമാണ് അടുത്ത രണ്ടു വർഷത്തേയ്ക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുക.

സൗത്തിന്ത്യയിലെ 8 ഡിസ്ട്രിക്ടുകളിലായി 6 ലക്ഷത്തോളം വിശ്വാസികളാണ് എ.ജി.യ്ക്കുള്ളത്. മഹാരാഷ്ട്ര, മഹാരാഷ്ട്രാ വെസ്റ്റേൺ, കർണ്ണാടക-ഗോവ, ആന്ധ്ര, മലയാളം, മലബാർ, സതേൺ, തമിഴ്നാട് എന്നിവയാണ് ഡിസ്ട്രിക്ടുകൾ. ഇതിൽ നാൽപതിനായിരം വിശ്വാസികളുള്ള തമിഴ്നാട്ടിലെ ഡി.മോഹന്റെ സഭയുൾപ്പെടെ 5000-ത്തിന് മേൽ വിശ്വാസികളുള്ള നിരവധി സഭകളും ഉൾപ്പെടും.


1860-ലെ സൊസൈറ്റി ആക്ടനുസരിച്ച് 1951 ആഗസ്റ്റ് 17-ന് 2701/1951 നമ്പരായി മുംബൈയിൽ രജിസ്റ്റർ ചെയ്ത സഭയുടെ രജിസ്ട്രേഷൻ രണ്ട്പതിറ്റാണ്ടായി പുതുക്കിയിട്ടില്ലായിരുന്നു. ഈരണ്ട് വർഷം കൂടുമ്പോൾ നടക്കുന്ന കോൺഫ്രൻസിൽ അതരിപ്പിക്കുന്ന കണക്കുകളും തെരഞ്ഞെടുപ്പ് വിവരങ്ങളും മിനിറ്റ്സും മുംബൈ ചാരിറ്റി ഓഫീസിൽ കൃത്യമായി നൽകുന്നതിൽ വരുത്തിയ വീഴ്ചയാണ് രജിസ്ട്രേഷൻ പുതുക്കി ലഭിക്കാതിരുന്നതിന് കാരണമായത്.

സഭയുടെ നിലനിൽപ് തന്നെ നിയമക്കുരുക്കിൽ അകപ്പെട്ടെന്ന് ബോധ്യമായ സൂപ്രണ്ട് വി.റ്റി.ഏബ്രഹാം രജിസ്ട്രേഷൻ പുന:സ്ഥാപിച്ച് കിട്ടാനുള്ള തീവ്രശ്രമമാണ് നടത്തിയത്. മുംബൈ ചാരിറ്റി ഓഫീസിൽ നേരി

*ശേഷം പേജ് 2*

## ഡൽഹിയിൽ 21 ദിവസത്തെ ഉപവാസപ്രാർത്ഥന






*പാസ്റ്റർ ജേക്കബ് ജോൺ, ഡോ.ഏഴംകുളം സാംകുട്ടി, ഡോ.പി.ജി.വർഗീസ്, ഡോ.ആർ എബ്രഹാം,*

ഡൽഹി: ഡൽഹിയിലുള്ള വിവിധ പെന്തെക്കോസ്തു സഭകളുടെ സംയുക്ത ആഭിമുഖ്യത്തിൽ 21 ദിവസത്തെ ഉപവാസപ്രാർത്ഥന സെപ്തംബർ 29 മുതൽ ഒക്ടോബർ 19 വരെ നടക്കും. സെപ്തംബർ 29 മുതൽ ഒക്ടോബർ 5 വരെ കോട്ട്ല വില്ലേജ് എക്സ്റ്റൻഷൻ ട്രിനിറ്റി ചർച്ച് ഓഫ് ഗോഡ്, ഒക്ടോബർ 6-13 വരെ ബദ്ര ഹോസിപിറ്റലിന് എതിർവശത്ത് ഇവാഞ്ചൽ ബൈബിൾ ചർച്ച്, ഒക്ടോബർ 14-18 വരെ ഗർവാൾ ഭവൻ, ഒക്ടോബർ 19-ന് സമാപന സമ്മേളനം റാണി ജാൻസി റോഡിൽ അംബേദ്ക്കർ ഭവൻ എന്നിങ്ങനെയാണ് പ്രാർത്ഥനാ ക്രമീകരണങ്ങൾ. പാസ്റ്റർ ജേക്കബ് ജോൺ, ഡോ.ഏഴംകുളം സാംകുട്ടി, ഡോ.പി.ജി.വർഗീസ്, ഡോ.ആർ എബ്രഹാം, റവ.കെ.ജോയി, റവ.കെ.വൈ.ഗീവർഗീസ്, പാസ്റ്റർ ലാജി പോൾ, പാസ്റ്റർ പി.കെ.സാംകുട്ടി, പാസ്റ്റർ മനോജ് ലഖൻപാൽ, ഫിന്നി സ്റ്റീഫൻ, ബിജി അഞ്ചൽ, റെയ്സൺ തോമസ്, പാസ്റ്റർ മാത്യുക്കുട്ടി, പാസ്റ്റർ വിജയ് മൊഹൊതോ, സി.ഉമാ ശങ്കർ (ഐ.എ.എസ്), പാസ്റ്റർ സുഷെയ്ൻ മസി, പാസ്റ്റർ ജോഷ്വാ ഡേവിഡ്, പാസ്റ്റർ ഫ്രെഡി തോമസ്, പാസ്റ്റർ മോസസ് ഡേവിഡ്, പാസ്റ്റർ മാത്യു സൈമൺ, പാസ്റ്റർ ഷെപ്പേർഡ് അഭിഷേക് എന്നിവർ പ്രസംഗിക്കും.

12 മണിക്കൂർ തുടർച്ചയായി പ്രാർത്ഥനാ കൂട്ടായ്മകൾ നടക്കും.

യാത്രക്കിടയിൽ

സാംകുട്ടി ചാക്കോ
നിലമ്പൂർ

# മലയാളി പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ

## പിൻഗാമികളെ വളർത്താത്ത നേതാക്കൾ



> മോശയുടെ നേതൃത്വം കണ്ടും അനുഭവിച്ചും വളർന്ന് നേതാവായി അധികാരമേറ്റ യോശുവ തന്റെ ജീവിതകാലത്ത് പുതിയൊരു ലീഡറെ വളർത്തിയെടുത്തില്ല. ഒടുവിൽ നിങ്ങളെങ്ങനെ നടന്നാലും പ്രശ്നമില്ല. "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും." എന്നു പറഞ്ഞ് കൈ കഴുകുകയാണ് യോശുവ ചെയ്തത്. ഞാനും എന്റെ കുടുംബവും എന്നതിനപ്പുറമുള്ള ദർശനമൊന്നും ഇന്നത്തെ നേതാക്കൾക്കും ഇല്ലല്ലോ.

മലയാളി പെന്തെക്കോസ്തിന്റെ മണ്ടത്തരങ്ങൾ ലിസ്റ്റു ചെയ്തതിലേ ആറാമത്തെ വിഷയമാണ് ഈ കുറിപ്പ്.

ഏതു സമൂഹത്തിന്റെയും ഗുണപരമായ വളർച്ചക്ക് അതിന് നേതൃത്വം നൽകുന്ന വ്യക്തികൾക്ക് വലിയ പങ്ക് വഹിക്കുവാനുണ്ട്. പെന്തെക്കോസ്ത് സഭകൾ ഇന്നത്തെ നിലയിലേക്ക് വളർച്ച പ്രാപിച്ചതിൽ ഒന്നാംതലമുറ നേതാക്കളുടെ പങ്ക് മറക്കാനാവാത്തതാണ്. അവർ വിവിധ നിലകളിൽ ത്യാഗപൂർണ്ണമായി നേതൃത്വം നൽകിയതിന്റെ അടിത്തറയിലാണ് ഇന്ന് സഭകൾ നിലനില്കുന്നത്. അവരുടെ ദീർഘവീക്ഷണത്തെ പ്രശംസിച്ചേ മതിയാകൂ. നിരവധി എതിർപ്പുകളെയും പ്രതികൂലങ്ങളെയും അതിജീവിച്ചാണല്ലോ അവർ പെന്തെക്കോസ്തിനെ വളർത്തിയത്. അന്ന് സഭക്ക് പുറത്തുനിന്നുള്ള വെല്ലുവിളികളായിരുന്നു നേതാക്കൾ നേരിടേണ്ടി വന്ന മുഖ്യ പ്രതിസന്ധികൾ. എന്നാലിന്ന് സഭക്കകത്തു നിന്നു തന്നെയാണ് നേതാക്കൾ വെല്ലുവിളി നേരിടേണ്ടി വരുന്നത്.

കേരളത്തിലെ പെന്തെക്കോസ്ത് സഭാ നേതാക്കൾക്ക് അടിസ്ഥാനപരമായി സംഭവിച്ച ഒരു പരാജയമാണ് ആറാമത്തെ വിഷയമായി ചൂണ്ടിക്കാണിക്കുവാനുള്ളത്. രണ്ടാം നിര നേതൃത്വത്തെ വളർത്തിയെടുക്കുന്നതിൽ ആദ്യതലമുറ നേതാക്കൾ പരാജയപ്പെട്ടുപോയി. ഈ പരാജയത്തിന്റെ തിക്തഫലം പെന്തെക്കോസ്ത് സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

കേരളത്തിൽ ഒരേപോലെ വളർച്ച പ്രാപിച്ച മൂന്ന് പെന്തെക്കോസ്ത് സഭകളാണ് ഐ.പി.സി., എ.ജി., ചർച്ച് ഓഫ് ഗോഡ് എന്നിവ. ഈ മൂന്ന് പ്രസ്ഥാനങ്ങളിലും അതിപ്രഗത്ഭരായ ഒന്നാം തലമുറ നേതാക്കളുണ്ടായിരുന്നു. വിദേശ നേതൃത്വത്തിന്റെ തണലിലായിരുന്നതിനാൽ ചർച്ച് ഓഫ് ഗോഡിലും, അസംബ്ലീസ് ഓഫ് ഗോഡിലും 1950കൾ വരെ പ്രാദേശിക നേതാക്കൾക്ക് ഭരണരംഗത്ത് പ്രാമുഖ്യം ലഭിച്ചിരുന്നില്ല. എന്നാൽ ഐ.പി.സിയുടെ സ്ഥിതി തികച്ചും വ്യത്യസ്തമായിരുന്നു. നേതാക്കളാൽ സമ്പന്നമായിരുന്നു ആദ്യകാല ഐ.പി.സി. പി.എം.സാമുവേൽ, കെ.സി.ചെറിയാൻ, കെ.ഇ.ഏബ്രഹാം, ടി.ജി.ഉമ്മൻ, കെ.ജെ.സാമുവേൽ, പി.എം.ഫിലിപ്പ് തുടങ്ങി എത്രയെത്ര പ്രതിഭാധനരായ നേതാക്കൾ.

ആവശ്യത്തിലധികം നേതാക്കളുണ്ടായിരുന്നതിനാൽ ഐ.പി.സിയിൽ നേതാക്കൾ തമ്മിലുള്ള സൗന്ദര്യ പ്രശ്നങ്ങളും, പോരാട്ടങ്ങളും ചില്ലറയല്ലായിരുന്നു. ഇത്തരം ഭിന്നതകൾ രണ്ടുതവണ സഭയെ പിളർപ്പിലും എത്തിച്ചിട്ടുണ്ട്. പി.ജെ.തോമസിനെയും, പി.ജെ.ദാനിയേലിനേയും പോലെയുള്ള കഴിവുറ്റ നേതാക്കന്മാർ ഐ.പി.സിക്ക് നഷ്ടമാകുവാനും ഇത്തരം തൊഴുത്തിൽ കുത്തുകൾ മുഖാന്തരമായിട്ടുണ്ട്. നേതാക്കൾ പിൻഗാമികളെ വളർത്തിയെടുക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണല്ലോ ഇവിടെ ചർച്ച ചെയ്യുന്നത്. രണ്ടാം നിര നേതാക്കളെ കണ്ടെത്തുന്നതിലും വളർത്തിയെടുക്കുന്നതിലും സഭാ നേതാക്കൾ പരാജയപ്പെട്ടു. കേരളത്തിലെ മൂന്നു സഭകളുടെയും ചരിത്രം പരിശോധിച്ചാൽ ഇത് വ്യക്തമാകും. ഇന്ന് ഈ മൂന്ന് സഭകളും നേരിടുന്ന നേതൃത്വ ദാരിദ്ര്യം അത്ഭുതാവഹമാണ്. ഇതിന്റെ കാരണം തേടുമ്പോഴാണ് മോശമാരുടെയും പൗലോസുമാരുടെയും അഭാവം നമുക്ക് ബോധ്യമാകുന്നത്.

ഐ.പി.സിയുടെ കാര്യം എടുത്താൽ, പാസ്റ്റർ കെ.ഇ.ഏബ്രഹാം നിരവധി ദൈവദാസന്മാരെ ശുശ്രൂഷാ രംഗത്ത് കരം പിടിച്ചുയർത്തിയിട്ടുണ്ട്. ബാലകനായ പി.എം.ഫിലിപ്പിനെ മേശപ്പുറത്ത് കയറ്റി നിർത്തി പ്രസംഗിപ്പിച്ചതുപോലെ നിരവധി കാര്യങ്ങൾ എടുത്തുപറയുവാൻ സാധിക്കും. എന്നാൽ ഭരണരംഗത്ത് പ്രാപ്തന്മാർ വളർന്നു വരുന്നതിലും അവർക്ക് അധികാര സ്ഥാനങ്ങൾ കൈമാറുന്നതിലും ഉണ്ണൂണ്ണിസാറിന് അസഹിഷ്ണതയുണ്ടായിരുന്നു. തന്നോടൊപ്പം ഐ.പി.സി.യുടെ വളർച്ചക്ക് ചുമൽ കൊടുത്ത കെ.സി. ചെറിയാനെ വെട്ടിവീഴ്ത്തുന്നതുപോലുള്ള നടപടികൾ അദ്ദേഹത്തിന്റെ നേതൃത്വപരമായ അസഹിഷ്ണതയുടെ തെളിവാണ്. പി.എം. ഫിലിപ്പ് കോട്ടയം അടക്കി വാണു. മിടുക്കന്മാരും കഴിവുള്ളവരുമായ ധാരാളം ശിഷ്യന്മാർ പി.എം.ഫിലിപ്പിനുണ്ടായിരുന്നു. പക്ഷെ ഒറ്റ മിടുക്കനേയും അദ്ദേഹം കോട്ടയത്ത് നിർത്തിയില്ല. ഐ.പി.സിയുടെ ഭരണനേതൃത്വത്തിലേക്ക് വളർത്തിയെടുത്തില്ല. മറ്റൊരു തരത്തിൽ വിലയിരുത്തിയാൽ അദ്ദേഹത്തിന്റെ മിഷനറി ദർശനം കൊണ്ടായിരിക്കാം തോമസ് മാത്യുവിനേപ്പോലെയുള്ള പലരെയും ഉത്തരേന്ത്യൻ മിനിസ്ട്രിക്കായി പറഞ്ഞയച്ചത്.

പാസ്റ്റർ കെ.എം.ജോസഫ് പലപ്പോഴും പറയുന്ന ഒരു വാചകമുണ്ട്. "ഞാൻ കോട്ടയം വിട്ടോടിപ്പോയതുകൊണ്ടാണ് എനിക്കൊരു ലീഡറായി മാറാനായത്."

ഐ.പി.സി.യുടെ ചരിത്രം പരിശോധിച്ചാൽ 1950-60 കാലഘട്ടത്തിൽ സഭക്ക് 500-ൽ താഴെ സഭകളാണുണ്ടായിരുന്നത്. അന്ന് കരുത്തരായ 30-ലധികം നേതാക്കന്മാരുടെ പേരുകൾ ലിസ്റ്റിട്ട് എഴുതിയുണ്ടാക്കുവാൻ സാധിക്കും. ഇന്നിപ്പോൾ സഭക്ക് കേരളത്തിൽ മാത്രം മൂവായിരം സഭകളുണ്ട്. വോട്ടു നേടി അധികാര കസേരയിൽ അള്ളിപ്പിടിച്ചിരിക്കുവാൻ ആളുണ്ടെങ്കിലും യഥാർത്ഥ നേതൃത്വ പാടവവും ആത്മീയ ശുശ്രൂഷയും കാലഘട്ടത്തിനനുസരിച്ച് പൊതുസമൂഹത്തിൽ സഭയെ പ്രതിനിധീകരിച്ച് നിൽക്കുവാൻ കെൽപ്പുള്ളവരോ ആയ എത്ര നേതാക്കളുണ്ടെന്നത് ചിന്തിക്കുമ്പോൾ ഈ സഭയുടെ ഭാവിയെ ഓർത്ത് എനിക്ക് ആശങ്ക തോന്നുന്നു.

കേരളത്തിലെ സമീപകാല ഐ.പി.സിയുടെ ഒന്നാം നിര നേതാക്കളായിരുന്ന പാസ്റ്റർ കെ.എം.ജോസഫ്, കെ.എം.ജോൺ, കെ.സി.ജോൺ, ടി.എസ്.ഏബ്രഹാം ഇവരാരും അവരുടെ ശിഷ്യരായി ഐ.പി.സിയുടെ നേതൃനിരയിലേക്ക് ആരെയും വളർത്തിയെടുത്തില്ല. അവരവർക്ക് അധികാരം കിട്ടിയപ്പോൾ കാര്യങ്ങൾ തങ്ങളുടെ വരുതിയിൽ നിർത്തി നന്നായി ഭരണം നടത്തിയവരാണ് ഇവരെല്ലാം. പരേതരായ പി.കെ.ചാക്കോ, പി.എം.ഫിലിപ്പ്, ടി.ജി.ഉമ്മൻ, സി.കെ.ദാനിയേൽ തുടങ്ങിയവരുടെ കഥയും വ്യത്യസ്തമല്ല. തങ്ങൾക്ക് ശേഷവും സഭക്ക് നിലനില്പുണ്ടാകണമെന്ന ദീർഘവീക്ഷണത്തോടെ രണ്ടാംനിര നേതൃത്വത്തെ മെൻഡർ ചെയ്ത് വളർത്തിയെടുക്കുവാൻ ഇവരാരും തയ്യാറായില്ല.

ഞാൻ പറയുന്നതിനെ അംഗീകരിക്കുവാൻ ബുദ്ധിമുട്ടുള്ളവർ ഉണ്ടായേക്കാം. എങ്കിൽ ഐ.പി.സിക്ക് അടുത്ത 10-20 വർഷത്തേക്ക് നേതൃത്വ രംഗത്തേക്ക് വരുവാൻ കഴിവുള്ളവരുടെ, സാധ്യതയുള്ളവരുടെ ഒരു ലിസ്റ്റുണ്ടാക്കി നോക്കുക. കെ.സി.തോമസ്, ഫിലിപ്പ് പി.തോമസ്, രാജു പൂവക്കാല, ഷിബു നെടുവേലി, എം.പി.ജോർജ്ജുകുട്ടി, വർഗീസ് മത്തായി, തോമസ് ഫിലിപ്പ്....കഷ്ടിച്ച് പത്തു പേരുടെ പേരു പോലും എഴുതുവാൻ സാധിക്കുന്നില്ല. ഇവരിൽ പലർക്കും നേതൃത്വത്തിന് അത്യാവശ്യം വേണ്ടുന്ന യോഗ്യത പോലും ഇല്ലെന്നത് കൂടെ ഓർക്കുക. കരുത്തരായ നേതാക്കന്മാരുടെ നീണ്ട നിരയുണ്ടായിരുന്ന ഒരു പ്രസ്ഥാനത്തിനാണ് ഇത്തരമൊരു ഗതികേടുണ്ടായിരിക്കുന്നത്. ഈ ലിസ്റ്റിലുള്ളവരെയും പോയകാല നേതാക്കളെയും തമ്മിൽ താരതമ്യം ചെയ്താൽ നാം തലയിൽ കൈവച്ചു പോകയില്ലേ?

*ശേഷം പേജ് 8*

## യൂത്ത് ചലഞ്ച് ക്യാമ്പ്

പത്തനംതിട്ട : ഐ.പി.സി സെന്റർ പി.വൈ.പി.എ യുടെയും, സൺഡേ സ്കൂളിന്റെയും ആഭിമുഖ്യത്തിൽ മൂന്നാമത് യൂത്ത് ചലഞ്ച് ക്യാമ്പ് സെപ്റ്റം18-20 വരെ മുട്ടമൺ ഐ.സി.പി.എഫ് ക്യാമ്പ് സെന്ററിൽ നടക്കും. ഡോ.പോൾ മാത്യൂസ് ഉദയ്പൂർ മുഖ്യപ്രസംഗകനായിരിക്കും. പാസ്റ്റർമാരായ വിൽസൺ ജോസഫ്, പി.സി ചെറിയാൻ, സജി ഫിലിപ്പ് തിരുവഞ്ചൂർ, ബ്രദർ ഷാജൻ ജോൺ ഇടയ്ക്കാട്, റവ.ജെയിംസ് ജോർജ്ജ് വെൺമണി, പാസ്റ്റർ വർഗീസ് മാത്യു, എം.കെ സ്കറിയ എന്നിവർ ശുശ്രൂഷിക്കും എക്സൽ മിനിസ്ട്രീസും പി.വൈ.പി.എ സെന്റർ ക്വയറും ഗാനശുശ്രൂഷ നിർവ്വഹിക്കും.

## ഐ.പി.സി. സോണൽ ക്യാമ്പ്

കണ്ണൂർ: ഐ.പി.സി.സണ്ടേസ്കൂൾ കണ്ണൂർ സോണലിന്റെ നേതൃത്വത്തിൽ സെപ്തംബർ 16-17 വരെ ചെർക്കള ഐ.പി.സി.കർമ്മേൽ സഭയിൽ ക്യാമ്പ് നടക്കും. ഇരിട്ടി, കണ്ണൂർ നോർത്ത്, കണ്ണൂർ സൗത്ത്, കാസർഗോഡ്, ഹോസ്ദുർഗ് എന്നീ സെന്ററുകളിലെ സണ്ടേസ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുക്കുന്ന ക്യാമ്പിൽ സജി മത്തായി കാതേട്ട്, ജോസ് ജോൺ കായംകുളം, ലിഷ ടീച്ചർ മലപ്പുറം എന്നിവർ ക്ലാസുകളെടുക്കും. പാസ്റ്റർ മോൻസി ടി.ജെ. അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ സന്തോഷ് മാത്യു ഉദ്ഘാടനം ചെയ്യും.

## മിഡ്വെസ്റ്റ് പി.വൈ.പി.എ.ഹെബ്രോൺ ഹ്യൂസ്റ്റന് ഓവർ ഓൾ കിരീടം



ഒക്കലഹോമ: ഐ.പി.സി. മിഡ്വെസ്റ്റ് റീജിയൻ പി.വൈ.പി.എ. താലന്ത് പരിശോധനയിൽ ഹ്യൂസ്റ്റൺ ഹെബ്രോൺ പി.വൈ.പി.എ. ഓവർ ഓൾ കിരീടം നേടി. തുടർച്ചയായി മൂന്നാം തവണയാണ് ഹെബ്രോൺ സഭ കിരിടം സ്വന്തമാക്കുന്നത്. ഇതോടെ റോളിംഗ് ട്രോഫി സഭക്ക് സ്വന്തമായി. ഡാളസ് എബനേസർ പി.വൈ.പി.എ., ഒക്കലഹോമ ഹെബ്രോൺ പി.വൈ.പി.എ, എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തിന് അർഹരായി. ഹെബ്രോൺ ഹ്യൂസ്റ്റൺ സഭാംഗമായ ജൊഹാന ജോർജ്ജ് വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടി. ഹെബ്രോൺ പി.വൈ.പി.എ.ടീമിന് ബെന്നി ഏബ്രഹാം നേതൃത്വം നൽകി. വിജയം നേടിയ ടീമിനെ സഭാ ശുശ്രൂഷകൻ റവ.ഷാജി ഡാനിയേൽ അനുമോദിച്ചു.



*ജൊഹാന ജോർജ്ജ്*

മിഡ്വെസ്റ്റ് റീജിയൻ പി.വൈ.പി.എ.പ്രസിഡന്റായി ബോബി തോമസ്, വൈസ് പ്രസിഡന്റായി ഡോ.മനു ചാക്കോ, സെക്രട്ടറിയായി ചാൾസ് മാത്യു, ട്രഷറാറായി വെസ്ലി ആലുംമൂട്ടിൽ, താലന്ത് കോർഡിനേറ്ററായി ജോഷിൻ ഡാനിയേൽ എന്നിവർ നേതൃത്വം നൽകി.

## ഉപവാസ പ്രാർത്ഥന

മുണ്ടക്കയം:ഐ.പി.സി.ഈസ്റ്റിൽ പൊൻകുന്നം ശാലേം ചർച്ചിൽ നടന്ന ഉപവാസ പ്രാർത്ഥനയിൽ പാസ്റ്റർ സണ്ണി ഏബ്രഹാം, പാസ്റ്റർ ജോമോൻ, പാസ്റ്റർ സിജു എന്നിവർ ശുശ്രൂഷിച്ചു.

## ശാരോൻ ജനറൽ കൺവൻഷൻ നവംബർ 27 മുതൽ



തിരുവല്ല: ശാരോൻ ഫെലോഷിപ്പ് സഭകളുടെ ജനറൽ കൺവൻഷൻ നവംബർ 27 മുതൽ ഡിസംബർ 1 ഞായർ വരെ തിരുവല്ല ശാരോൻ ഗ്രൗണ്ടിൽ നടക്കും. പ്രസിഡന്റ് ഡോ.റ്റി.ജി കോശി ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ സുപ്രസിദ്ധ സുവിശേഷ പ്രസംഗകർ വചന ശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റേഴ്സ് കോൺഫറൻസ്, മിഷൻ സമ്മേളനം, കാത്തിരിപ്പു യോഗങ്ങൾ, സഹോദരി സമ്മേളനം, സി.ഇ.എം, സൺഡേസ്കൂൾ സമ്മേളനം തുടങ്ങിയവ കൺവൻഷനോടനുബന്ധിച്ചു നടക്കും. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

പാസ്റ്റർമാരായ കെ.ജോണികുട്ടി, വർഗീസ് ജോഷ്വാ (പ്രെയർ), ഏബ്രഹാം മന്ദമരുതി, കുര്യൻ മാത്യു, ബ്രദർ ഏബ്രഹാം ഉമ്മൻ (പബ്ലിസിറ്റി), ബ്രദേഴ്സ് കെ.ഇ.ജോർജ് ,കെ.കെ.തോമസ്, ജയിംസ് ജോൺ (ഫൈനാൻസ്), പാസ്റ്റർമാരായ ബോസ് എം.കുരുവിള, എം.എ വർഗീസ് (അറേഞ്ച്മെന്റ്സ്), ജേക്കബ് ജോർജ്, റ്റി.എം.വർഗീസ് (വോളന്റിയേഴ്സ്) , എ.വി.ജോസ്, എം.ജെ.ജോൺ, എം.എം ജോൺ (ഫുഡ്), ബിജു ജോസഫ്, സോവി മാത്യു (മ്യൂസിക്ക്).ജേക്കബ് ജോർജ് കെ, സാം ഫിലിപ്പ് (അക്കൊമഡേഷൻ), കുര്യൻ മാത്യു (ലൈറ്റ് & സൗണ്ട്സ്) , ബ്രദേഴ്സ് കെ.സി.ചാക്കോച്ചൻ, സി.റ്റി.വർഗീസ് (ഇന്റേണൽ ഓഡിറ്റേഴ്സ്) എന്നിവർ കൺവീനേഴ്സായുള്ള പ്രവർത്തനം ആരംഭിച്ചു.

## ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് സെക്രട്ടറി



മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ സംസ്ഥാന കൗൺസിൽ സെക്രട്ടറിയായി പാസ്റ്റർ തോമസ് എം പുളിവേലിൽ തെരഞ്ഞെടുക്കപ്പെട്ടു. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഡയറക്ടർമാരായി പാ.ബെൻസ് എബ്രഹാം, ഏ.റ്റി.ജോസഫ് പാസ്റ്റർ റ്റി.എം മാമച്ചൻ, പാസ്റ്റർ സജു പി തോമസ്, എന്നിവരെയും തെരഞ്ഞെടുത്തു. സംസ്ഥാന സെക്രട്ടറി പാസ്റ്റർ തോമസ് അഖിലേന്ത്യാ ഗവേർണിംഗ് ബോഡി മെമ്പറായും, ഡിസ്ട്രിക്ട് പാസ്റ്ററായും പ്രവർത്തിച്ചു വരുന്നു.

# ഫെയ്ത്ത് ലീഡേഴ്സ് ജനറൽ ക്യാമ്പ്

ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡിന്റെ യുവജന വിഭാഗമായ ഫെയ്ത്ത് ലീഡേഴ്സ് അനോയിന്റഡ് ജനറേഷൻ മൂന്നാമത് ജനറൽ ക്യാമ്പ് ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി, ചെറുവക്കലിൽ സെപ്തംബർ 18–21 വരെ നടക്കും. പ്രസിഡന്റ് പാസ്റ്റർ ദാനിയേൽ മാത്യു ഉദ്ഘാടനം ചെയ്യും. പാസ്റ്റർ റോയി ദാനിയേൽ മാത്യു, റവ.എം.എ.വർഗീസ്, റവ.ഷാജി എം.പോൾ, റവ.ഏബ്രഹാം, റവ. വൈ.റെജി, പാസ്റ്റർ കെ.ജെ.തോമസ്, പാസ്റ്റർ ജയിംസ് എം.പോൾ, സുവി.സിബി തോമസ്, ഫ്ളാഗ് ഡയറക്ടർ പാസ്റ്റർ അനീഷ് ഉലഹന്നാൻ എന്നിവർ ക്ലാസുകൾ എടുക്കും സന്ദേശങ്ങൾ നൽകുകയും ചെയ്യും.

ഫെയ്ത്ത് ലീഡേഴ്സ് ദൈവസഭയുടെ സംഗീത വിഭാഗമായ മിസ്മോർ ഹാർമണിക്ക് സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകും.

# ബോധവത്ക്കരണവും സഹായവിതരണവും

വെണ്ണിക്കുളം: അട്ടപ്പാടിയിലെ അഗളി ഗ്രാമപഞ്ചായത്തിൽ ജോയ്സ് മിന്സ്ട്രീസ് വെണ്ണിക്കുളം ടൗൺ ചർച്ച് ഓഫ് ഗോഡ് സഭയും ചേർന്ന് മുഡുഗ, പാൽക്കുറുമ്പ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സഹായവിതരണം നടത്തി. അഗളി എജി സഭാംഗണത്തിൽ നടന്ന പരിപാടിയിൽ ജോയ്സ് മിന്സ്ട്രീസ് പ്രസിഡന്റ് പാസ്റ്റർ വി.സോളമൻ ലഹരിവിരുദ്ധ ബോധവത്ക്കരണം നടത്തി.

# മെമ്പർഷിപ്പ് കാർഡുകൾ വിതരണം ചെയ്തു




കോട്ടയം: പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ ഗാന്ധിനഗർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഏകദിന ഉണർവ്വ് യോഗം നടന്നു. പാസ്റ്റർ സാം ജോസഫ് മുഖ്യപ്രസംഗകനായിരുന്നു. പാസ്റ്റർ ബേബി മാടശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ഗാന്ധിനഗർ ചർച്ച് ഓഫ് ഗോഡിൽ നടന്ന യോഗത്തിൽ ബെന്നി പുള്ളോലിക്കലും, പാസ്റ്റർ ബിനോയി ചാക്കോയും സംസാരിച്ചു. നാഷണൽ സെക്രട്ടറി ഗ്ലാഡ്സൺ ജേക്കബ് മെമ്പർഷിപ്പ് കാർഡുകൾ വിതരണം ചെയ്തു. സുനിൽ വേട്ടമല പ്രസ്താവന നടത്തി. പാസ്റ്റർ പി ജി ഫ്രാൻസീസ് സ്വാഗതവും പാസ്റ്റർ ബിജു കെ. ബേബി കൃതജ്ഞതയും പറഞ്ഞു.

# എ.ജി. മലയാളം ഡിസ്ട്രിക്ട് സി.എ.ക്യാമ്പ് തേക്കടിയിൽ

കുമളി: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് യുവജന (സി.എ) ക്യാമ്പ് സെപ്റ്റംബർ 16–18 വരെ കുമിളി ഹോളിഡേ ഹോമിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ ബിനു ജോസഫ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ സെബാസ്റ്റ്യൻ ദേവസ്യാ, നിറ്റ്സൺ കെ. വർഗീസ്, ജോസ് തോമസ്, പ്രഭാ ടി.തങ്കച്ചൻ, സുവി.ഷാജൻ ജോൺ ഇടയ്ക്കാട് തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. റവ. ബാബു ജോർജ് മുഖ്യസന്ദേശം നൽകും. കുമളി ടൗണിൽ റാലിയും പരസ്യയോഗവും നടക്കും.


## കുവൈറ്റിലേക്ക് സ്ത്രീകളെ ആവശ്യമുണ്ട്

**കുവൈറ്റികളുടെ ഭവനങ്ങളിലേക്ക് വീട്ടു ജോലി *(house maid)* കുട്ടികളെ നോക്കുക *(Baby sitter)*, രോഗികളെ ശുശ്രൂഷിക്കുക *(Home Nurse)* എന്നിവക്ക് താത്പര്യമുള്ളവർ ബന്ധപ്പെടുക. ഇന്ത്യൻ എംബസി എഗ്രിമെന്റ് പേപ്പർ, ആഹാരം, താമസം എന്നിവക്ക് പുറമേ ആകർഷണീയമായ ശമ്പളം പരിപൂർണ്ണ ഉത്തരവാദിത്വം ഞങ്ങളുടെ പ്രത്യേകത.**

**പ്രായപരിധി 21 മുതൽ 47 വരെ**

*താത്പര്യം ഉള്ളവർ മാത്രം ബന്ധപ്പെടുക.*

## ഒലീവ് ടൂർസ് ആന്റ് ട്രാവൽസ്

**ചിറ്റ്-ചാറ്റ് ആർക്കേഡ്-രാമൻചിറ, തിരുവല്ല-7**

Licence No.3637/MUM/2 ¾/5818/02

email: olivetvta@gmail.com Ph: 9446513785, 9605082929, 9446313785




**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും,
നിങ്ങളുടെ പണം സുരക്ഷിതമായി
നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

**ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ., പത്തനംതിട്ട (Dist).**

FIRST CENTURY MINISTRY
*in the*
TWENTY FIRST CENTURY

JOHN K MATHEW Ph.D.




**This book is written for you**

*If*
You have a call for the Ministry, but not sure.
You are amazed at the changing patterns of the culture.
You can't relate well with the youth.
You have an urge to learn more.
You want to do the Spirit-filled ministry based on Servant Leadership.



The right tool for the pastors who desire to regain the first century vision and vitality in their ministry

**Copies available at Christian Book stores.**
*Available by post at:* Gilgal Creations, Post Box 27, Kuttapuzha P. O. Thiruvalla - 689 103
Ph. 9495238069; gilgalcreations@gmail.com

Price: ₹ 150/-

**Available at Amazone.com**

# കഠിന ശോധനകളുടെ തിരമാലകളെ നോക്കി പുഞ്ചിരിച്ച്



അമേരിക്കൻ താൾ

കഷ്ടതയുടെ കഠിന ശോധനകൾ ഒന്നിനു പുറകെ ഒന്നായി തിരമാല പോലെ ആഞ്ഞടിച്ചപ്പോൾ പുഞ്ചിരിയോടെ:

“മൂന്നു യാമങ്ങളും വൻതിരയിൽ
മുങ്ങുമാറായി വലയുകിലും
മുറ്റും കടലിന്മീതെ നാലാം യാമത്തിൽ
വന്നിടുമവൻ നിശ്ചയം....”

എന്നുറക്കെ പാടി ആശ്വസിച്ച ജോർജ്ജ് കുര്യൻ-അമ്മിണി ദമ്പതികളുടെ വിശ്വാസ ജീവിത അനുഭവങ്ങൾ സമാന ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നവർക്ക് ആശ്വാസവും ധൈര്യവും പ്രദാനം ചെയ്യുന്നവയാണ്.

ആരംഭകാല പെന്തെക്കോസ്ത് ശുശ്രൂഷകരിലൊരാളായ ആഞ്ഞിലിത്താനം കൊച്ചിയിൽ പൂവക്കാലായിൽ പാസ്റ്റർ പി.എം.കുര്യൻ-അന്നമ്മ ദമ്പതികളുടെ എട്ടു മക്കളിൽ ഇളയവനായാണ് ജോർജ്ജ് കുര്യൻ ജനിച്ചത്. ബാല്യം മുതൽ ദൈവകൃപയിൽ നിലനിന്നു. ഹൈസ്കൂൾ പഠനാനന്തരം ഇന്ത്യൻ ആർമിയിൽ ഒരു പതിറ്റാണ്ടു നീണ്ട സൈനിക സേവനം. 1971-ൽ ഡൽഹിയിൽ നഴ്സായി ജോലി ചെയ്യുന്ന ശോശാമ്മ എന്ന അമ്മിണിയുമായി വിവാഹം. ആരംഭകാല പെന്തെക്കോസ്തു പ്രവർത്തകസിന്റെ കൊച്ചുമകളാണ് അമ്മിണി. ആറന്മുള പുതുപ്പറമ്പിൽ മത്തായി ഏബ്രഹാം-മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകൾ.



*ജോർജ്ജ് കുര്യനും ഭാര്യ ശോശാമ്മയും*

പൈതൃകമായി രണ്ടുപേർക്കും ലഭിച്ച ആത്മിക പാരമ്പര്യത്തിന്റെ അഗ്നി കെട്ടുപോകാതെ സംരക്ഷിക്കുവാനും തലമുറകൾക്ക് കൈമാറ്റം ചെയ്യുവാനും ജോർജ്ജ്-ശോശാമ്മ ദമ്പതികൾക്ക് സാധിച്ചു. ദൈവവേലക്ക് ചുമൽ കൊടുത്ത് എത്രമാത്രം ശക്തിയോടെ നിലകൊണ്ടുവോ അത്രയധികം ശക്തിയോടെ ശത്രു ഈ കുടുംബത്തിനെതിരെ പോരാട്ടങ്ങൾ അഴിച്ചു വിട്ടു. രോഗങ്ങളുടെ കഠിനശോധനകളിലൂടെ കുടുംബം കടന്നു പോയി. പലപ്പോഴും നിലയില്ലാക്കയത്തിൽ മുങ്ങിത്താഴുമെന്ന് വൈദ്യശാസ്ത്രവും ലോകവും സാത്താനും വിധിയെഴുതി. എങ്കിലും കഷ്ടതയിലും പാട്ടു പാടിക്കൊണ്ട് കഴിഞ്ഞ 42 വർഷമായി ഈ കുടുംബം ദൈവനാമത്തെ മഹത്വപ്പെടുത്തുന്നു.

1974-ൽ ശോശാമ്മയും അടുത്ത വർഷം ജോർജ്ജ് കുര്യനും അമേരിക്കയിലെത്തി. അകോവയിലെ പ്രാരംഭകാല ജീവിതത്തിന് ശേഷം ദൈവം ഈ കുടുംബത്തെ ഡാളസിലേക്ക് പറിച്ചുനട്ടു. ഇന്ന് ഡാളസിലെ ഏറ്റവും വലിയ മലയാളി പെന്തെക്കോസ്തു സഭയായ ഐ.പി.സി.ഹെബ്രോൻ സഭയുടെ ആരംഭകാല കുടുംബങ്ങളിലൊന്നാണ് ജോർജ്ജ് കുര്യൻ-ശോശാമ്മ ദമ്പതികളുടേത്. അതു മാത്രവുമല്ല, കരോൾട്ടണിലെ ഇവരുടെ ഭവനത്തിലാണ് ആരംഭകാലത്ത് സഭയുടെ ആരാധന നടന്നത്. സഭക്ക് വേണ്ടി ആരാധനാലയം വാങ്ങിയത് ജോർജ്ജ് കുര്യന്റേതുൾപ്പെടെ ചില സഹോദരന്മാരുടെ വീടുകൾ പ്ലഡ്ജ് ചെയ്തിട്ടായിരുന്നു എന്നതും പ്രസ്താവ്യമാണ്.

ഡാളസിലെത്തി മൂന്നു വർഷങ്ങൾ പൂർത്തിയായി. കുടുംബജീവിതത്തിൽ അനുഗ്രഹീതരായ മൂന്ന് കുഞ്ഞുങ്ങളും ദൈവിക ദാനമായി ലഭിച്ചു. ആത്മീയമായും ഭൗതികമായും സന്തോഷത്തിന്റെ നാളുകളായിരുന്നു. പക്ഷേ 1982ൽ മരണം തൊട്ടു വാതിൽക്കൽ വന്ന് മുട്ടി വിളിക്കുന്നത് ജോർജ്ജ് കുര്യൻ തിരിച്ചറിഞ്ഞു. നിരന്തരമായ തലവേദനയുടെ രൂപത്തിലാണ് അസ്വസ്ഥത ആരംഭിച്ചത്. ചെറുമരുന്നുകൾ കൊണ്ടൊന്നും തലവേദന ശമിക്കുന്നില്ലെന്ന് കണ്ടപ്പോൾ വിശദമായ പരിശോധനകൾ നടത്തി. ചികിത്സിച്ചാൽ പോലും അധിക കാലം ജീവൻ പിടിച്ചുനിർത്താനാവാത്ത വിധം വളർന്നുകഴിഞ്ഞ ബ്രെയിൻ ട്യൂമറാണ് തലവേദനക്ക് കാരണം!

നിരവധി പരിശോധനകൾ, മരുന്നുകൾ, ഒടുവിൽ ഡോക്ടർ രക്ഷയില്ലെന്ന് വിധിയെഴുതി. പറക്ക മുറ്റാത്ത മൂന്നു പിഞ്ചുകുഞ്ഞുങ്ങളുമായി നടുക്കയത്തിൽ മുങ്ങിത്താഴുന്ന ബോട്ടു പോലെ ജീവിതം ഇല്ലാതെയാകുന്നത് ജോർജ്ജും ശോശാമ്മയും തിരിച്ചറിഞ്ഞു. തന്റെ ജീവിതം അവസാനിച്ചാൽ തുടർന്ന് കുടുംബത്തിന്റെ കാര്യങ്ങൾ എങ്ങനെയായിരിക്കണമെന്ന് അവസാന നിർദ്ദേശങ്ങൾ ജോർജ്ജ് കുര്യൻ സഹധർമ്മിണിയെ പറഞ്ഞേൽപ്പിച്ചു.

ശോശാമ്മ പക്ഷേ വിട്ടുകൊടുക്കാൻ തയ്യാറല്ലായിരുന്നു. “കാര്യാലിൽ ഫിലിപ്പോസിന്റെയും, പൂവക്കാലായിൽ കുര്യച്ചന്റെയും ദൈവമേ..........എന്ന നിലവിളിയോടെ ദൈവസന്നിധിയിൽ നെടുമ്പാടു വീണ ശോശാമ്മയുടെ പ്രാർത്ഥനക്ക് മുമ്പിൽ പിതാക്കന്മാരുടെ ദൈവം കരം നീട്ടി തൊട്ടു. അന്നു രാത്രി വേദന വിട്ടുമാറിയ കുര്യച്ചനെ തൊട്ടടുത്ത ദിവസം തന്നെ മെഡിക്കൽ ചെക്കപ്പിന് വിധേയനാക്കി. അത്ഭുതം കൊണ്ട് വൈദ്യശാസ്ത്രം ശിരസ് നമിച്ചു. ഇന്നലെ വരെ ട്യൂമർ ബാധിച്ചിരുന്ന തലച്ചോറിൽ ട്യൂമറിന്റെ കണിക പോലുമില്ല. ജോർജ്ജ് കുര്യന് ട്യൂമറാണെന്ന് കണ്ടെത്തുകയും മരണദിനം കുറിയ്ക്കുകയും ചെയ്ത ഡോക്ടർ ഇതിനകം ഇതേ രോഗം ബാധിച്ച് മരണമടഞ്ഞു കഴിഞ്ഞിരുന്നെന്നു കൂടെ അറിയുമ്പോൾ ദൈവീക വിടുതലിന്റെ ആഴം എത്ര വലുതെന്ന് അറിയുക. കഴിഞ്ഞ 31 വർഷമായി ജോർജ്ജ് കുര്യൻ ആരോഗ്യവാനായി ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കുന്നു എന്നത് ദൈവപ്രവർത്തിയുടെ അത്ഭുത കാഴ്ച.



*ജോർജ്ജ് കുര്യനും കുടുംബവും*

ഭർത്താവിന്റെ രോഗസൗഖ്യത്തെത്തുടർന്ന് കൂടുതൽ കരുത്തോടെ ദൈവനാമമഹത്വത്തിന് വേണ്ടി നില

*ശേഷം പേജ് 8*




KERALA CHRISTIAN ASSEMBLY
TORONTO, CANADA

Established in 1992. Now the largest Malayalee Pentecostal congregation in Canada. We maintained its commitment to its Pentecostal heritage of worshipping Jesus Christ, preaching and teaching the complete biblical truth. Our goal is to be a channel of blessing to our members, our community and to the world at large.

JOIN WITH US FOR: SUNDAY WORSHIP @ 10.30AM TO 12.45

Other weekly programs: Sunday school -9.30 am -every Sunday.
Cell meeting- 8pm -every Friday
Adult Bible study & Kids Club- 7.30 pm -every saturday,

Our Address: 121 Norfinch Drive Toronto, Ontario, M3N 1W8
Church Phone: 416 739 1513, Email: secretary@keralachristian.com

നിങ്ങളുടെ വിവാഹം ഏറ്റവും ഭംഗിയായും ഉത്തരവാദിത്വത്തോടും ചെയ്തുതരുന്നു



BENEvents
providing colourful events
Bethel Building, Near SBT
Kumbanad, Thiruvalla 689 547, India
Mob: 9947933433
Email: benevents@ymail.com
www.benevents.org




മലബാറിന് വേണ്ടി പ്രാർത്ഥിക്കുക...

● കേരളത്തിന്റെ പകുതിയോളം വരുന്ന ഭൂവിഭാഗം ● ആറ് ജില്ലകളിലായി ഒന്നര കോടിയിലധികം ജനങ്ങൾ ● ജനസംഖ്യയിൽ ക്രിസ്ത്യാനികളുടെ എണ്ണം അഞ്ചു ശതമാനത്തിൽ താഴെ ● സാമൂഹ്യമായും വിദ്യാഭ്യാസപരമായും ഏറ്റവും പുറകിൽ നിൽക്കുന്ന ആദിവാസികൾ ഉൾപ്പെടെ വിവിധ ജനവിഭാഗങ്ങൾ.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
പാസ്റ്റർ രാജൻ മാത്യു-പ്രസിഡന്റ് - 98479 32111
പാസ്റ്റർ കെ.കെ.തങ്കച്ചൻ-സെക്രട്ടറി 9961319517

*സ്ഥാപക ഡയറക്ടർ* റവ. ഉമ്മൻ എബ്രഹാം
*ജനറൽ സെക്രട്ടറി* റവ. കെ.ടി. മാത്യു

ഇവർ നമ്മുടെ സഹോദരങ്ങളാണ്. നമ്മുടെ ഭാഷ സംസാരിക്കുന്നവരാണ്. മലബാറിൽ യേശുവിന്റെ സ്നേഹം പകർന്നു നൽകുവാൻ പ്രതിജ്ഞാബദ്ധരായി ഒരു മുന്നണി സുവിശേഷീകരണ പ്രസ്ഥാനം

ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഇന്ത്യാ

മലബാറിലും തമിഴ്നാട്ടിലുമായി 25 ലോക്കൽ സഭകൾ-
ഈ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക

email: oabraham44@yahoo.com / ktmathew@gmail.com



11-ാം ബാച്ച് വിദ്യാർത്ഥികൾ പ്രവർത്തകരോടും അധ്യാപകരോടുമൊപ്പം

# രഹബോത്ത് ശാരോൻ സൗജന്യ തയ്യൽ പരിശീലന കേന്ദ്രം വനിതകൾക്ക് ഒരുവഴികാട്ടി



ഐ.പി.സി.ഷാർജ വൈസ് പ്രസിഡന്റ് ബ്രദർ ബാബു മാത്യു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു



ചെയർ പേഴ്സൺ മറിയാമ്മ ചാക്കോ ബൈബിൾ വിതരണം ചെയ്യുന്നു



വിതരണത്തിന് തയ്യാറാക്കി വച്ചിരിക്കുന്ന തയ്യൽ മെഷീനുകൾ

നൂറുകണക്കിന് സ്ത്രീകൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തുവാനുള്ള വഴികാട്ടിയായി പ്രവർത്തിക്കുന്ന രഹബോത്ത് ശാരോൻ സൗജന്യ തയ്യൽ പരിശീലന കേന്ദ്രം പന്ത്രണ്ടാം ബാച്ചിലേക്ക് പ്രവേശിച്ചു. ക്രിസ്തുവിന്റെ സ്നേഹം പ്രവർത്തിപഥത്തിലേക്കും സമൂഹത്തിന്റെ ഉന്നമനത്തിന് വേണ്ടിയും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2007ലാണ് കുന്നന്താനം ശാരോൻ ഫെലോഷിപ്പ് ഹാൾ കേന്ദ്രമാക്കി ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. കുന്നന്താനം, കവിയൂർ, കല്ലൂപ്പാറ പഞ്ചായത്തുകളുടെ സഹകരണത്തോടെ ജാതി മത പരിഗണനകളില്ലാതെ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സ്ത്രീകൾക്കാണ് പരിശീലന കേന്ദ്രത്തിൽ പ്രവേശനം നൽകുന്നത്. സ്വന്തമായി തയ്യൽ മെഷീൻ വാങ്ങുവാൻ നിവൃത്തിയില്ലാത്ത സ്ത്രീകൾക്ക് തികച്ചും സൗജന്യമായി പഠനാനന്തരം തയ്യൽ മെഷീൻ വിതരണം ചെയ്യുന്നു.

ഓരോ ബാച്ചിലും 25-35 പേർക്ക് വരെ പരിശീലനം നൽകുന്നു. ആദ്യഘട്ടത്തിൽ സിസ്റ്റർ മറിയാമ്മ ചാക്കോയും ഭർത്താവ് വർഗീസ് ചാക്കോയും തങ്ങളുടെ വ്യക്തിപരമായ സാമ്പത്തിക നന്മകളാണ് ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിച്ചിരുന്നത്. ചില ബാച്ചുകൾ കഴിഞ്ഞതോടെ ഇതിനെക്കുറിച്ചറിഞ്ഞ പലരും ഈ പ്രവർത്തനത്തിൽ പങ്കാളികളാകുവാൻ മുന്നോട്ട് വന്നു. കോഴ്സിൽ പങ്കെടുക്കുന്നവർ ഭൂരിപക്ഷവും അക്രൈസ്തവരാണ്.

തയ്യൽ പരിശീലനത്തോടൊപ്പം ക്രമീകൃതമായ വചനപഠനവും വിദ്യാർത്ഥിനികളുടെ കുടുംബത്തിലെ നിരവധി പ്രശ്നങ്ങൾക്ക് വേണ്ടി നിരന്തരമായ പ്രാർത്ഥനയും അതിലൂടെ ലഭിക്കുന്ന വിടുതലും ഈ സ്ഥാപനത്തെ ലക്ഷ്യപൂർത്തീകരണത്തിലേക്ക് നയിക്കുന്നു. വചനം പഠിപ്പിക്കുന്നതിനും, പ്രാർത്ഥനയിൽ സഹായിക്കുന്നതിനും പാസ്റ്റർ റ്റി.എം.വർഗീസും, ഇവാ. ടി.സി. ചാക്കോയും സിസ്റ്റർ സിസിലിയും നേതൃത്വം നൽകുന്നു.

## പതിനൊന്നാമത് ബാച്ച് ഗ്രാജുവേഷൻ

രഹബോത്ത് തയ്യൽ പരിശീലന കേന്ദ്രത്തിന്റെ പതിനൊന്നാമത് ബാച്ചിന്റെ ഗ്രാജുവേഷൻ ആഗസ്റ്റ് 27-ന് കുന്നന്താനം ശാരോൻ ചർച്ചിൽ നടന്നു. കുന്നന്താനം ശാരോൻ ഫെലോഷിപ്പ് സഭാ ശുശ്രൂഷകനായ പാസ്റ്റർ റ്റി.എം.വർഗീസ് അധ്യക്ഷ പ്രസംഗം നടത്തി. പാസ്റ്റർ കെ.എം.ഏബ്രഹാം, പാസ്റ്റർ ജേക്കബ് സാമുവേൽ (ഐ.പി.സി.എബനേസർ അബുദാബി) എന്നിവർ സന്ദേശവും, കവിയൂർ ഗ്രാമ പഞ്ചായത്ത് മെമ്പർ പ്രസന്നകുമാർ, ജോർജ്ജ് വർഗീസ്, ക്രൈം ബ്രാഞ്ച് ഡിവൈഎസ്പി.സാബു ഇടുക്കുള, മറ്റ് രാഷ്ട്രീയ പ്രതിനിധകൾ, കവിയൂർ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീമതി ലതാകുമാരി സി.കെ.എന്നിവർ ആശംസയും അറിയിച്ചു. പാസ്റ്റർ കെ.എ. ജോൺ പാസ്റ്ററായുള്ള ഷാർജാ ഐ.പി.സിയാണ് ഈ ബാച്ച് സ്പോൺസർ ചെയ്തത്. അതിലേക്കായി ഒന്നര ലക്ഷം രൂപ തരികയുണ്ടായി. ഷാർജ ഐ.പി.സി. സഭാംഗങ്ങളുടെ വകയായി 18 തയ്യൽ മെഷീനുകളും, പഠനം വിജയകരമായി പൂർത്തിയാക്കിയവർക്ക് നൽകി. ചീഫ് ഗസ്റ്റ് അഡ്വ.മാത്യു പി.തോമസ് എം.എൽ. എ. 26 വിദ്യാർത്ഥിനികൾക്ക് തയ്യൽ മെഷീൻ കൈമാറി. ജോസഫ് എം.പുതുശ്ശേരി (എക്സ് എം.എൽ.എ), കവിയൂർ കുന്നന്താനം പഞ്ചായത്ത് പ്രതിനിധികൾ, വിവിധ സഭാ പ്രതിനിധികൾ, ഷാർജാ ഐ.പി.സി. പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.

ഐ.പി.സി.ഷാർജ വൈസ് പ്രസിഡന്റ് ബാബു മാത്യു സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ടെയ്‌ലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ചെയർ പേഴ്സൺ സിസ്റ്റർ മറിയാമ്മ ചാക്കോ എല്ലാ വിദ്യാർത്ഥിനികൾക്കും സ്പെഷ്യൽ ഗിഫ്റ്റായി ഓരോ ബൈബിൾ നൽകി. സിസ്റ്റർ സൂസൻ ഷാജി ഐക്കര, ഷാജി കുര്യൻ ഐക്കര, ചീഫ് ഗസ്റ്റ് സണ്ണി സി. ജോസഫ് എന്നിവർ സമ്മാനവിതരണം നടത്തി. പാസ്റ്റർ എം.എം.ജോൺ പ്രാർത്ഥിച്ച് സമാപന ശുശ്രൂഷ നിർവ്വഹിച്ചു. പ്രസംഗിച്ചവരും ആശംസകൾ അറിയിച്ചവരും ഇതു പോലെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ പല സ്ഥലങ്ങളിലും ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്, ഉദ്ബോധിപ്പിക്കുകയും, സാമൂഹ്യ സേവന രംഗത്ത് രഹബോത്ത് തയ്യൽ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും ചെയ്തു.

ബ്രദർ ഷാജി കുര്യൻ ഐക്കര (ഷാർജ) പ്രസ്ഥാനത്തിന്റെ ഒരു ഡയറക്ടറായി പ്രവർത്തിക്കുന്നു. മാനേജിംഗ് ഡയറക്ടർ ബ്രദർ വർഗീസ് ചാക്കോ (ജോണിക്കുട്ടി) നന്ദി അറിയിച്ചു. വിവിധ കലാപരിപാടികൾ സമ്മേളനത്തോടനുബന്ധിച്ച് നടന്നു. വന്നവർക്കെല്ലാം വിഭവ സമൃദ്ധമായ ഭക്ഷണവും നൽകി.

### പതിനൊന്നാമതു ബാച്ച് തയ്യൽ മെഷീൻ സ്പോൺസർമാർ

1. ബ്രദർ അലക്സ് എൻ. ജേക്കബ് (ഷാർജ ഐ.പി.സി) .......... 10
2. ബ്രദർ ലാൽ മാത്യു (ഷാർജ ഐ.പി.സി.) .......... 3
3. സിസ്റ്റർ അനു & ലിനോ മാത്യു (ഷാർജ ഐ.പി.സി.) .......... 2
4. സിസ്റ്റർ സൂസൻ വർഗീസ് (ഷാർജ ഐ.പി.സി.) .......... 2
5. ഗ്രേസ് വിത്സൺ കുരീക്കാട്ടിൽ (ഷാർജ ഐ.പി.സി.) .......... 1
6. ഷാജി കുര്യൻ ഐക്കര ........ 8

ആറു മാസത്തെ പഠനത്തിലൂടെ സ്വയം ജീവിതമാർഗം കണ്ടെത്തുന്നതോടൊപ്പം യേശുവിനെ അറിയുവാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നു എന്നതാണ് രഹബോത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ11.30 മുതൽ ഉച്ച കഴിഞ്ഞ് 3.30 വരെ തയ്യൽ ക്ലാസുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 11.30 വരെ ആത്മീയ പഠന ക്ലാസും തുടർന്നുള്ള സമയം തയ്യൽ പരിശീലനവും എംബ്രോയിഡറി പരിശീലനവും നൽകുന്നു. ഈ വർഷം പഠനം പൂർത്തിയാക്കിയ 28 വിദ്യാർത്ഥികളിൽ രണ്ട് പേർക്ക് സ്വന്തമായി തയ്യൽ മെഷീൻ ഉണ്ടായിരുന്നതിനാൽ 26 പേർക്ക് സൗജന്യമായി തയ്യൽ മെഷീൻ നൽകി.

തികച്ചും സൗജന്യമായാണ് തയ്യലും എംബ്രോയിഡറിയും പഠിപ്പിക്കുന്നത്. ഒരു ബാച്ചിന്റെ (ആറു മാസം) നടത്തിപ്പിനും ഗ്രാജുവേഷനും കൂടെ ഒന്നര ലക്ഷം രൂപയോളമാണ് ചിലവു വരുന്നത്.

സഹൃദയരായ പല ദൈവമക്കളുടെയും സഹകരണത്തോടെയാണ് ഈ പ്രസ്ഥാനം വിജയകരമായി നടത്തപ്പെടുന്നത്. പന്ത്രണ്ടാമത് ബാച്ചിന്റെ ചിലവുകൾ പൂർണ്ണമായും സ്പോൺസർ ചെയ്യുന്നത് അമേരിക്കയിലെ ബ്രദർ സാമുവേൽ - റയിച്ചൽ ദമ്പതികളാണ്. ഈ പ്രവർത്തനത്തെക്കുറിച്ചറിഞ്ഞ അദ്ദേഹം കുന്നന്താനത്തു വന്ന് പ്രവർത്തനങ്ങൾ നേരിട്ട് കാണുകയും 12-ാം ബാച്ചിലേക്കുള്ള ചിലവും 10 തയ്യിൻ മെഷീനും അടക്കം 2,04,300 രൂപ തരികയും ചെയ്തു.

12-ാമത് ബാച്ച് ഒക്ടോബർ ഒന്നിന് ആരംഭിക്കും. 35 വിദ്യാർത്ഥിനികൾ ഇതിനോടകം പഠനത്തിനായി രജിസ്റ്റർ ചെയ്തു. ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ താൽപ്പര്യപ്പെടുന്നവർ ബന്ധപ്പെടുക.


**MARIAMMA CHACKO,**
**P.B.NO.25466,**
**SHARJAH, UAE**
**00971-50-555464908,**
**00971-6-5733114**
**Email: sco@emirates.net.ae**
**ഷാജി കുര്യൻ ഐക്കര**
(ഡയറക്ടർ)
00971-50-6469508




അഡ്വ.മാത്യു റ്റി.തോമസ് എം.എൽ.എ., ജോസഫ് എം.പുതുശ്ശേരി *(എക്സ് എം.എൽ.എ)*, പാസ്റ്റർ റ്റി.എം.വർഗീസ് *(ലോക്കൽ പാസ്റ്റർ & ജനറൽ മാനേജർ)*, വർഗീസ് ചാക്കോ *(മാനേജിംഗ് ഡയറക്ടർ)*,ഷാജി കുര്യൻ ഐക്കര( ഡയറക്ടർ ), വർഗീസ് കുര്യൻ *(കോർഡിനേറ്റർ)* എന്നിവർ പ്രസംഗിക്കുന്നു

### നാട്ടിൽ പ്രസ്ഥാനവുമായി ബന്ധപ്പെടേണ്ട നമ്പർ


**പാസ്റ്റർ ടി.എം. വർഗീസ്**
(ജനറൽ മാനേജർ), കുന്നന്താനം
9447405263
**ബ്രദർ വർഗീസ് കുര്യൻ**
(കോർഡിനേറ്റർ)
9495323723

# നോർത്ത് അമേരിക്ക ഐ.പി.സി.ഈസ്റ്റേൺ റീജിയൺ
# 23–ാമത് വാർഷിക കൺവൻഷൻ

*തയ്യാറാക്കിയത്:* **ഉമ്മൻ എബനേസർ, തുമ്പമൺ**



*പാസ്റ്റർ ജെയ് കൂപ്മാൻ*



*പാസ്റ്റർ കെ.ജെ.തോമസ്*

ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ വിദേശത്തുള്ള ഏറ്റവും വലിയ റീജിയനായ ഐ.പി.സി.ഈസ്റ്റേൺ റീജിയന്റെ 23–ാമത് വാർഷിക സമ്മേളനം ന്യൂയോർക്കിൽ വിപുലമായ പരിപാടികളോടെ നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തു വരുന്നതായി റീജിയൻ സെക്രട്ടറി റവ.ജോസഫ് വില്യംസ് അറിയിച്ചു. ഒക്ടോബർ 11–വെള്ളിയാഴ്ച ആരംഭിക്കുന്ന സമ്മേളനം 13–ന് ഞായറാഴ്ച നടക്കുന്ന സംയുക്ത സഭായോഗത്തോടു കൂടി സമാപിക്കും. ന്യൂയോർക്കിലുള്ള ഷാമിനേഡ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിലാണ് *(Chaminade High School, 340 Jackson Ave., Mineola, N.Y-11501)* മീറ്റിംഗുകൾ ക്രമീകരിച്ചിരിക്കുന്നത്. ഒക്ടോബർ 11–ന് വെള്ളിയാഴ്ച നടക്കുന്ന പ്രഥമ സമ്മേളനം വൈകിട്ട് 7 മണിക്ക് ആരംഭിക്കും. ശനിയാഴ്ച വൈകിട്ട് 6.30 നും, ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധന രാവിലെ 9 മണിക്കും ആരംഭിക്കും.

മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകമായ മീറ്റിംഗുകൾ ഉണ്ടായിരിക്കും. മലയാളം മീറ്റിംഗുകളിൽ റീജിയന്റെ പ്രത്യേക ക്ഷണപ്രകാരം ഇന്ത്യയിൽ നിന്നെത്തിച്ചേരുന്ന പാസ്റ്റർ കെ.ജെ.തോമസ് (കുമളി) വചനം ശുശ്രൂഷിക്കും. ദൈവം കരങ്ങളിൽ ശക്തമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഒരു അനുഗ്രഹീത ഉണർവ്വ് പ്രസംഗകനാണ് പാസ്റ്റർ കെ.ജെ. തോമസ്.

ഒക്ടോബർ 11–ന് നടക്കുന്ന പ്രഥമ സമ്മേളനം റീജിയൻ പ്രസിഡന്റ് പാസ്റ്റർ പി.ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച പകൽ നടക്കുന്ന തിരുവത്താഴ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വിശ്വാസികളും ശുശ്രൂഷകരും എത്തിച്ചേരും. മാസച്ചൂസറ്റ്സ്, കണക്ടിക്കട്ട്, ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയ, മെറിലാന്റ് എന്നീ സംസ്ഥാനങ്ങളും വാഷിംഗ്ടൺ ഡിസിയും ഉൾപ്പെട്ട ഈ റീജിയനിലുള്ള എല്ലാ പാസ്റ്റേഴ്സും വിശ്വാസികളും 23–ാമത് വാർഷിക സമ്മേളനത്തിൽ പങ്കെടുക്കും. പിസിനാക്കും, ഐ.പി.സി.ഫാമിലി കോൺഫ്രൻസും കഴിഞ്ഞാൽ നോർത്തമേരിക്കയിൽ നടക്കുന്ന സുപ്രധാനമായ ഒരു ആത്മീക സമ്മേളനമാണ് ഐ.പി.സി.ഈസ്റ്റേൺ റീജിയൻ വാർഷിക സമ്മേളനം. കൺവൻഷന്റെ വിവിധ മീറ്റിംഗുകളിൽ റീജിയൻ മലയാളം ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും. കൺവൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പിന് വേണ്ടി കമ്മറ്റി പ്രവർത്തിച്ചു വരുന്നു. വിവിധ ആത്മീക ചാരിറ്റി പ്രവർത്തനങ്ങൾക്കും റീജിയൻ നേതൃത്വം നൽകി വരുന്നു..... സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങൾ റവ.ആൽവിൻ ഡേവിഡിന്റെയും സഹോദരിമാരുടെ പ്രവർത്തനങ്ങൾ സിസ്റ്റർ വത്സാ ജോൺസന്റെയും, പി.വൈ.പി.എ.പ്രവർത്തനങ്ങൾ ബ്രദർ പ്രിൻസൺ ഏബ്രഹാമിന്റെയും നേതൃത്വത്തിൽ വളരെ അനുഗ്രഹകരമായ നിലയിൽ നടന്നു വരുന്നു. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ പി. ഫിലിപ്പ് (പ്രസിഡന്റ് 201–845–4213); പാസ്റ്റർ ഇട്ടി ഏബ്രഹാം (വൈസ് പ്രസിഡന്റ് 718–762–3064); പാസ്റ്റർ ജോസഫ് വില്യംസ് (സെക്രട്ടറി 845 –893–5433); ബ്രദർ തോമസ് വർഗീസ് (ജോയിന്റ് സെക്രട്ടറി 516–728–1407); ബ്രദർ സാം തോമസ് (ട്രഷറാർ 516 –967–2307)എന്നിവരുമായി ബന്ധപ്പെടുക. www.ipcnorthamerica.com സന്ദർശിക്കുക.



*പാസ്റ്റർ പി.ഫിലിപ്പ്*



*പാസ്റ്റർ ഇട്ടി ഏബ്രഹാം*



*പാസ്റ്റർ ജോസഫ് വില്യംസ്*



*ബ്രദർ തോമസ് വർഗീസ്*



*ബ്രദർ സാം തോമസ്*



*ബ്രദർ വർഗീസ് ഫിലിപ്പ്*

## യുവജനങ്ങൾക്കു വേണ്ടി പ്രത്യേക മീറ്റിംഗുകൾ

ഐ.പി.സി.ഈസ്റ്റേൺ റീജിയൺ കൺവൻഷനിൽ യുവജനങ്ങളെയും കുട്ടികളെയും ഉദ്ദേശിച്ച് പ്രത്യേക മീറ്റിംഗുകൾ സംഘാടകർ ക്രമീകരിച്ചിട്ടുണ്ട്. സൗത്ത് കരോലിനായിൽ ലൈഫ് മിനിസ്ട്രീസ് സഭയുടെ പാസ്റ്ററായി ചുമതല വഹിക്കുന്ന റവ. ജേ കൂപ്പുമാൻ യുവജനങ്ങളോട് സംസാരിക്കുവാൻ എത്തിച്ചേരും. യുവജനങ്ങളുടെ ഇടയിൽ ദൈവം ശക്തമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഒരു യുവജന പ്രവർത്തകനാണ് റവ.ജേ കൂപ്പുമാൻ. റീജിയനിൽപ്പെട്ട വിവിധ ശുശ്രൂഷകന്മാരും യുവജന പ്രതിനിധികളും വിവിധ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകും. റീജിയൻ ഇംഗ്ലീഷ് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും. ഇംഗ്ലീഷിൽ നടക്കുന്ന മീറ്റിംഗുകളെക്കുറിച്ച് കൂടുതൽ അറിയുവൻ പി.വൈ.പി.എ.പ്രസിഡന്റ് പ്രിൻസൺ ഏബ്രഹാമുമായി (914–439–4815) ബന്ധപ്പെടുക. കൂടാതെ പി.വൈ.പി.എ.യുടെ ഔദ്യോഗിക വെബ്സൈറ്റായ www.pypa.org സന്ദർശിക്കുക.


IPC Prayer Centre
PRAYER • WORSHIP • WORD OF GOD

## പ്രെയർ സെന്റർ

- ബൈബിൾ ക്ലാസ്
- ഉപവാസ ഉണർവ്വ് യോഗം
- രോഗശാന്തി പ്രാർത്ഥന
- കൗൺസലിംഗ്
- ഗാനശുശ്രൂഷ
- ആധുനിക ശാസ്ത്രലോകത്തിൽ മനുഷ്യന്റെ ഭാവി, മരണാനന്തര ജീവിതം, യേശുക്രിസ്തുവിന്റെ പുനരാഗമനം, യുദ്ധം, ക്ഷാമം, ഭൂകമ്പം, പ്രളയക്കെടുതികൾ, തിരുവചന വെളിച്ചത്തിൽ പ്രസംഗിക്കുന്നു.










GLOBAL PH: 0469-2634355

## കരിസ്മാ കൺവൻഷൻ 2013

THE INDIA PENTECOSTAL CHURCH OF GOD, KUMBANAD, KERALA

**സ്ഥലം: ഐ.പി.സി. പ്രെയർ സെന്റർ സ്റ്റേഡിയം, ജോസീസ് ജംഗ്ഷൻ, റെയിൽവേ ക്രോസ്, തിരുവല്ല.**
**സമയം: 2013 സെപ്തംബർ 22 ഞായർ മുതൽ 29 ഞായർ വരെ**



**ഉദ്ഘാടനം: സെപ്തംബർ 22 ഞായർ രാവിലെ 8 മണി–പാസ്റ്റർ രാജു പൂവക്കാല, പ്രസംഗം പി.ഐ.ഏബ്രഹാം (കാനം അച്ചൻ)**

| | രാവിലെ 10 മുതൽ 1 വരെ | വൈകിട്ട് 6 മുതൽ 9 വരെ |
|---|---|---|
| 22 ഞായർ | സുവി.പി.ഐ.ഏബ്രഹാം *(കാനം അച്ചൻ)* | സുവി.പി.ഐ.ഏബ്രഹാം *(കാനം അച്ചൻ)* |
| 23 തിങ്കൾ | പാസ്റ്റർ ബി.വർഗീസ് | പാസ്റ്റർ ബി.വർഗീസ് |
| 24 ചൊവ്വ | പാസ്റ്റർ കെ.ജെ.തോമസ് *(കുമളി)* | പാസ്റ്റർ കെ.ജെ.തോമസ് *(കുമളി)* |
| 25 ബുധൻ | പാസ്റ്റർ പ്രിൻസ് *(റാന്നി)* | പാസ്റ്റർ പ്രിൻസ് *(റാന്നി)* |
| 26 വ്യാഴം | പാസ്റ്റർ റ്റി.ഡി.ബാബു | പാസ്റ്റർ റ്റി.ഡി.ബാബു |
| 27 വെള്ളി | പാസ്റ്റർ ബാബു ചെറിയാൻ *(പിറവം)* | പാസ്റ്റർ ബാബു ചെറിയാൻ *(പിറവം)* |
| 28 ശനി | പാസ്റ്റർ എം.എ.ജോൺ | പാസ്റ്റർ എം.എ.ജോൺ |

**സമാപനയോഗം: 29 ഞായർ രാവിലെ 8 മണിക്ക്**
**പാസ്റ്റർ സ്റ്റീഫൻ മാത്യു** *(ആലുവ)*

ഏവർക്കും സ്വാഗതം

പാസ്റ്റർ രാജു പൂവക്കാല ബ്രദർ ഏബ്രഹാം മാത്യൂസ് കാവേരി

**യോഗാനന്തരം വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.**

# ഭക്തനായ മോശെയും ദാർശനികരായ കുറേ സ്ത്രീകളും



ഡോ.ജെസ്സി ജയ്സൺ

ബന്ധങ്ങളാണ് നമുക്ക് ദൈവം നൽകിയ മഹത്തായ ഒരനുഗ്രഹം. ദൈവം നമ്മുടെ അടുക്കലെത്തിക്കുന്ന വ്യക്തികളാരായാലും അവരെ ദൈവിക പദ്ധതിയിലേക്ക് ഒരു ചുവടു കൂടി അടുപ്പിക്കുന്നതാണ് നമ്മുടെ ശുശ്രൂഷ. കറപുരളാത്ത ഭക്തിയുടെ ഉടമകൾക്കെല്ലാം വഴിവിളക്കുകളായിത്തീർന്ന ചില വനിതാ രത്നങ്ങളുണ്ടാവും. ആ സ്വാധീനം ചിലപ്പോൾ ദീർഘമാകാം. ചിലപ്പോൾ തീരെ ചുരുക്കമായ ഒരു കാലഘട്ടമാകാം. നാം ദൈവകൃപയിൽ കൈപിടിച്ചു നടത്തിയവർ ഒരു പക്ഷേ ഒരിക്കലും അതോർത്തു എന്ന് വരില്ല. എങ്കിലും, ശുശ്രൂഷയുടെ ഉദാത്തമായ ഈ ദർശനമുണ്ടെങ്കിൽ ജീവാവസാനം വരെ നാം മറ്റുള്ളവരെ ദൈവസ്നേഹത്തിൽ വളർത്തുന്നവരായിരിക്കും. മനുഷ്യനിൽ നിന്നുള്ള പുകഴ്ചയോ പ്രതിഫലമോ ഇവിടെ വിഷയമല്ല, ദൈവത്തോടുള്ള പൂർണ്ണ അനുസരണം മാത്രം. മോശയോടു കൂടി ഒന്നു യാത്ര ചെയ്യുന്നതോടൊപ്പം നമ്മുടെ ജീവിതത്തിലും ചെറുതും വലുതുമായ തണൽ നൽകിയവരെ ഓർത്ത് ദൈവത്തെ സ്തുതിക്കയുമാവാം.

**ശിപ്രായും പൂവായും** (പുറ.1:15-22): ദൈവത്തെ ഭയപ്പെട്ട എബ്രായ സൂതി കർമ്മിണികൾ. സ്വജീവൻ പണയം വെച്ചു പോലും ഫറവോന്റെ കല്പനയെ മറികടന്ന് മോശെക്കുഞ്ഞിന്റെ ജീവന് സംരക്ഷകരായവർ.



സ്ത്രീകളുടെ ഇടയിൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുമ്പോൾ, ഉദരത്തിലുള്ളതിനേയും, സ്കൂളിൽ പോകുന്ന കുട്ടിയേപ്പോലും കൊല്ലുവാൻ കേരളം പോലൊരു സംസ്ഥാനത്തുപോലും സ്ത്രീകൾ തയ്യാറാകുമ്പോൾ ഏതൊരു കുഞ്ഞിന്റെയും സംരക്ഷണം നമ്മുടെ ചുമലിലുള്ള കടമയാണെന്ന് മറന്നു കൂടാ. ശിപ്രായും പൂവായും മോശെയുടെ മാതാപിതാക്കളിൽ നിന്ന് പ്രതിഫലം വാങ്ങിയോ, മോശെ എന്നെങ്കിലും ആ സ്ത്രീകളെ ഓർത്തിരുന്നോ എന്നൊന്നും നമുക്കറിയില്ല. എന്നാൽ വിട്ടുകളയാതെ തിരുവെഴുത്തിൽ രേഖപ്പെടുത്തിയതൊന്നുണ്ട്, ദൈവം സൂതികർമ്മിണികൾക്ക് നന്മ ചെയ്തു (പുറ.1:20-21). നാം ദൈവനാമം നിമിത്തം, സ്വന്തശരീരം പോലും വകവയ്ക്കാതെ, മറ്റുള്ളവർക്ക് ചെയ്യുന്ന ഓരോ പ്രവർത്തിയും ചെറുതോ, വലുതോ ആകട്ടെ ദൈവം ആദരിക്കാതെ പോകയില്ല. ആ കുഞ്ഞിനെ സംരക്ഷിച്ചപ്പോൾ ഇത്ര വലിയൊരു ചരിത്രത്തിന്റെ ഭാഗമായി തങ്ങൾ തീരുകയാണെന്ന് അവർ സ്വപ്നത്തിൽ പോലും വിചാരിച്ചു കാണുകയില്ല.

**യോഖെബേദ്:** (പുറ.2, 6:20; സംഖ്യ 26:59). മോശെയുടെ അമ്മ, അമ്രാം എന്ന ലേവ്യനാണ് അവളെ വിവാഹം കഴിച്ചത്. രണ്ടു മക്കളുണ്ടെങ്കിലും അടുത്ത കുഞ്ഞിന്റെ ജീവൻ അപകടത്തിലാണെന്നറിഞ്ഞപ്പോൾ ഫറവോന്റെ കല്പന പോലും വകവയ്ക്കാതെ മാതൃസ്നേഹത്തിന്റെ മാതൃകയായിത്തീർന്നവൾ. അമ്മ മക്കൾക്കായി സഹിക്കുന്ന കഷ്ടപ്പാടുകൾക്ക് കണക്കുപുസ്തകമില്ല; രേഖകളില്ല. അമ്മ സഹനത്തിന്റെ രൂപമാണ്; കരുണയുടെ ശബ്ദമാണ്. ആശ്വാസത്തിന്റെ സാമീപ്യമാണ്. മൂന്നു ദീർഘമാസങ്ങൾ ജീവൻ പണയം വച്ച് മാർവ്വോട് ചേർത്ത് സൂക്ഷിച്ചിട്ടും വെറുതെ കൈവിട്ടു കളയുവാൻ മാതൃഹൃദയം തയ്യാറായില്ല. ഞാങ്ങണപ്പെട്ടകം എന്ന അവസാന സംരക്ഷണമൊരുക്കി താനാശ്രയിച്ച ദൈവകരങ്ങളിലേക്കാണ് അവൾ മകനെ ഇട്ടുകൊടുത്തത്. മക്കളുടെ ജീവിതം സംബന്ധിച്ച് നിസ്സഹായരായ അമ്മമാർക്ക് ഈ അമ്മ വിശ്വാസത്തിന്റെ മാതൃകയാകുന്നു. കൈവിട്ടുപോയി എന്ന് കരുതിയതിനെ അവൾ തിരികെ പ്രാപിച്ചതെങ്ങനെയാണ്? തന്റെ കയ്യിൽ മകനെ കിട്ടിയ ഓരോ നിമിഷവും അവൾ വിലമതിച്ചു; ആത്മീകമായ അടിസ്ഥാനവും, ശാരീരിക പോഷണവും നൽകി വളർത്തി. ശാരീരിക വടിവ് നഷ്ടപ്പെടുമല്ലോ, ഉറക്കിളപ്പുണ്ടാകുമല്ലോ എന്നൊക്കെയോർത്ത് ആവശ്യമില്ലാഞ്ഞിട്ടും കൃത്രിമ മാർഗ്ഗങ്ങളുപയോഗിക്കുന്നവരിക്കാലത്ത് ഏറെയാണ്. പലർക്കുമിഷ്ടം കുഞ്ഞിനെ ആരുടെ എങ്കിലും കയ്യിലേൽപ്പിച്ച് ഒഴിയുവാനാണ്. അമ്മമാരോടൊരു വാക്ക്: ജനിക്കുന്നതിന് മുമ്പും, പിന്നീടൊരു അഞ്ചോ ആറോ വയസ് വരെയും അമ്മയുമായുള്ള ആത്മബന്ധം ഒരു കുഞ്ഞിന് നൽകുന്ന മാനസിക ആരോഗ്യത്തിനും, ആത്മിക ശക്തിക്കും, ബുദ്ധി വളർച്ചക്കും, രോഗപ്രതിരോധ ശേഷിക്കും പകരം വയ്ക്കാനുള്ളതൊന്നും അത്യാധുനിക ശാസ്ത്രത്തിന്റെ പക്കലില്ല, അതിനാവുകയുമില്ല.

ഇന്ന് നമ്മളൊക്കെ മക്കൾക്കേറ്റവുമധികം കൊടുക്കുവാൻ ശ്രമിക്കുന്നത് ഭക്ഷണവും, ജീവിത സൗകര്യങ്ങളും, വിദ്യാഭ്യാസവും, ചികിത്സയുമൊക്കെയാണ്. യോഖേബേദിന് പരിമിതികളായിരുന്നു ഏറെയും. എന്നാൽ പരിമിതികളെ പഴിക്കാതെ മോശെക്കാവശ്യമുള്ള ഒരു അമൂല്യനിധി അവൾ അവന്റെ ഇളംപ്രായത്തിലേ അവനിൽ നിക്ഷേപിച്ചു-ദൈവവിശ്വാസം. ലോവീസും യൂനീക്കയും തങ്ങളുടെ നിർവ്യാജ വിശ്വാസത്തിന്റെ നിക്ഷേപം തിമോഥിയോസിൽ പകർന്നതുപോലെ യൗവ്വനകാലത്ത് അല്പമൊരു മങ്ങലൊക്കെ തോന്നിയാലും ആ വിശ്വാസ വിത്തുകൾ വിട്ടു മാറാത്ത വിധം ജീവനുള്ളവയാണ്. മക്കൾ കുറച്ചുകാലം മാത്രമേ മാതാപിതാക്കളോടൊപ്പം ഉണ്ടാകാറുള്ളു. ഇന്നത്തെ ജീവിത രീതിയിൽ അവർ ചെന്ന് ചാടേണ്ടി വരുന്നത് ഏതു സംസ്ക്കാരത്തിലെന്നോ, ഏതു സ്വഭാവക്കാരുടെ ഇടയിലെന്നോ ഒന്നും നമുക്കറിയില്ല. യോഖേബേദിനും അറിയില്ലായിരുന്നു. പക്ഷേ, താൻ ചെയ്യേണ്ടതൊന്നും സ്കൂളധികൃതരുടെയോ, സണ്ടേസ്കൂൾ അധ്യാപകരുടെയോ മേൽ പഴിചാരി രക്ഷപെടുകയല്ല അവൾ ചെയ്തത്. മകന്റെ ആത്മീക പരിശീലനം അമ്മയുടെ ശുശ്രൂഷയെന്ന് അവൾ തിരിച്ചറിഞ്ഞു. സ്വന്തഭവനത്തിന്റെ ആത്മീക വേലിക്കെട്ടുകൾക്കപ്പുറമുള്ള ഒരു ജാതിയിലും സംസ്ക്കാരത്തിലുമൊക്കെ ചെന്നുപെട്ട മോശെക്ക് താനാരെന്നും ദൈവത്തിന് തന്നെക്കുറിച്ചുള്ള പദ്ധതി എന്തെന്നും കൃത്യമായി അറിവുണ്ടായിരുന്നതിനാലാണല്ലോ അവൻ മിസ്രയീമ്യനോട് പ്രതികരിച്ചത്. എന്തിനെറെപ്പറയുന്നു, ഓടിപ്പോയി മിദ്യാന്യ പുരോഹിതന്റെ വീട്ടിൽ പാർത്തിട്ടും, പുതിയ കുടുംബ ജീവിതത്തിൽ പ്രവേശിച്ചിട്ടുമൊന്നും അവന്റെയുള്ളിൽ അമ്മ കത്തിച്ച വിശ്വാസത്തിന്റെ തീയണക്കാൻ ആർക്കുമായില്ല. ഭക്തയായ അമ്മയുടെ ജീവിതം പതിനായിരം പ്രസംഗങ്ങളേക്കാൾ ശക്തമാണല്ലോ.

# കഠിന ശോധനകളുടെ തിരമാലകളെ നോക്കി പുഞ്ചിരിച്ച്

*5-ാം പേജ് തുടർച്ച*

കൊള്ളുന്ന ശോശാമ്മയുടെ ജീവിതത്തിലേക്ക് രോഗത്തിന്റെ അടുത്ത തിരമാല ആഞ്ഞടിക്കുവാൻ അധികകാലം കാത്തിരിക്കേണ്ടി വന്നില്ല. 1989-ൽ പതിവ് ഡോക്ടറൽ ചെക്കപ്പിലാണ് ശോശാമ്മയുടെ നാവിൽ അർബുദ രോഗബാധ ശ്രദ്ധയിൽപ്പെട്ടത്. ആദ്യഘട്ടത്തിൽ ഡോക്ടറുടെ റിപ്പോർട്ട് ഭർത്താവിനേപ്പോലും അറിയിക്കാതെ ശോശാമ്മ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. നാൾക്കു നാൾ രോഗത്തിന്റെ കാഠിന്യം മൂർച്ഛിച്ചു വന്നു. മൂന്നു തവണ ഡോക്ടർമാർ ശസ്ത്രക്രിയക്ക് ഷെഡ്യൂൾ നിശ്ചയിച്ചെങ്കിലും ഒഴിഞ്ഞു മാറി. ഒടുവിൽ നിവൃത്തിയില്ലാതെ ശസ്ത്രക്രിയക്ക് വിധേയയായി. നാവ് നടുവേ പിളർന്ന് ട്യൂമർ നീക്കം ചെയ്തെങ്കിലും വേദനക്ക് ശമനമുണ്ടായില്ല. നാവിലെ കുത്തിക്കെട്ടുകൾ പൊട്ടി നാവ് രണ്ട് ഭാഗമായി പിളർന്നിരിക്കുന്ന കാഴ്ച കണ്ട് ഡോക്ടർമാർ സ്തബ്ദരായിപ്പോയി. ഒടുവിൽ ഡ്രസ് ചെയ്ത് നാവിന്റെ മുറിവ് യോജിക്കുവാൻ യാതൊരു സാധ്യതയുമില്ലെന്ന വാക്കുകളോടെ തിരിച്ചയച്ചു. വാ മൂടിക്കെട്ടിയ രീതിയിൽ വീട്ടിലെത്തിയ ശോശാമ്മ ശബ്ദമില്ലാതെ ദൈവസന്നിധിയിൽ നിലവിളിച്ചു. ഡാളസിൽ നാവിൽ സർജ്ജറി നടത്തി സംസാരിക്കാനാവാത്ത സഹോദരിക്ക് വേണ്ടി അമേരിക്കയിലും ഇന്ത്യയിലും ആയിരങ്ങൾ നാവ് ചലിപ്പിച്ച് പ്രാർത്ഥിച്ചു. ദൈവം ആ പ്രാർത്ഥനക്ക് മുമ്പിൽ അത്ഭുതവുമായി ഇറങ്ങി വന്നു. ചില ദിവസങ്ങൾക്ക് ശേഷം മുറിവ് ഡ്രസ് ചെയ്യുവാൻ തുറന്നു നോക്കിയ ഡോക്ടർ അത്ഭുതപ്പെട്ടു. മുറിവിന്റെ പാടുപോലുമില്ലാതെ കൂട്ടിയോജിച്ച നാവ്. ഇനിയും സംസാരിക്കാനാവില്ലെന്ന് വൈദ്യശാസ്ത്രം വിധിയെഴുതിയ സഹോദരി കഴിഞ്ഞ 24 വർഷമായി ദൈവിക അത്ഭുതങ്ങൾ ഉച്ചത്തിൽ ഘോഷിക്കുന്നത് അതേ നാവു കൊണ്ടാണ്.

വീണ്ടും പത്തു വർഷങ്ങൾ കഴിഞ്ഞു. ഇത്തവണ രോഗം പിടികൂടിയത് ഉദരത്തിലാണ്. 1999 ഗൈനക്കോളജി സംബന്ധമായ സർജ്ജറിക്ക് വിധേയയാകേണ്ടി വന്നു. ഇതേ സമയത്തു തന്നെ തന്റെ ജ്യേഷ്ടസഹോദരൻ ലോകത്തിൽ നിന്ന് മാറ്റപ്പെട്ടത് ഇരട്ടി ദുഃഖമായി. ഈ വേദനകളിൽ നിന്ന് മുക്തയാകുന്നതിന് മുമ്പ് അടുത്ത പ്രഹരം. ഇത്തവണ രോഗം പിടികൂടിയത് ഇളയപുത്രൻ ഷെൽബിയെയാണ്.

ഷെൽബി സ്റ്റേജ് ഫോർ ലിംഫോമ ബാധിതനാണന്ന് തിരിച്ചറിഞ്ഞപ്പോൾ കുടുംബം തളർന്നു പോയി. 13 റൗണ്ട് കീമോ തെറാപ്പി, 17 റേഡിയേഷൻ ട്രീറ്റ്മെന്റ്. കഠിന വേദനയിലൂടെ കടന്നു പോകുമ്പോഴും സഭയിലെ ഇംഗ്ലീഷ് ക്വയറിന് നേതൃത്വം നൽകുന്നതിന് ഷെൽബി മുടക്കം വരുത്തിയില്ല. രോഗവിവരം ആരായുന്നവരെ ധൈര്യപ്പെടുത്തുന്ന വാക്കുകളായിരുന്നു ഷെൽബിയിൽ നിന്ന് എല്ലാവരും കേട്ടത്. തന്റെ മാതാപിതാക്കളുടെയും പിതാമഹന്മാരുടെയും ദൈവം തന്നോട് കൂടെയുണ്ടെന്ന് ഷെൽബിക്ക് ഉറപ്പുണ്ടായിരുന്നു. ഇന്ന് പൂർണ്ണ ആരോഗ്യവാനായ ഷെൽബി ദൈവീക വിടുതലിന്റെ സാക്ഷിയായി ജീവിക്കുന്നു. ഷെൽബിയും ഭാര്യ ഷാരനും ഐ.പി.സി. ഹെബ്രോൻ സഭയുടെ യുവജനപ്രവർത്തനങ്ങൾക്ക് സജീവ നേതൃത്വം നൽകുന്നു.

രോഗത്തിന്റെ നീരാളിക്കൈകൾ അടുത്തതായി ആക്രമിച്ചത് ജോർജ്ജ് കുര്യനെ തന്നെയാണ്. 2005-ൽ ഹാർട്ട് അറ്റാക്കിന്റെ രൂപത്തിൽ. 2011-ലും അദ്ദേഹം ഹൃദ്രോഗബാധിതനായി. മൂന്ന് സ്റ്റെന്റ് ഇട്ടുവെങ്കിലും ദൈവിക പരിപാലനമാണ് തന്റെ ആരോഗ്യത്തിന്റെ രഹസ്യമെന്ന് ജോർജ്ജ് കുര്യൻ ഉറച്ചു വിശ്വസിക്കുന്നു.

2007-ൽ വീണ്ടും അമ്മിണിയെത്തേടി രോഗം എത്തി. ഇത്തവണ കഠിനമായ നടുവിന് വേദനയായിരുന്നു.

വീണ്ടും 2011, ഹൃദയസംബന്ധമായ ചില അസ്വസ്ഥതകളാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. വിശദമായ പരിശോധനകൾക്കൊടുവിൽ രോഗകാരണം രക്തശുദ്ധീകരണത്തിന് കിഡ്നികൾക്ക് ശേഷിയില്ലാത്തതാണെന്ന് കണ്ടെത്തി. അങ്ങനെ നിർബ്ബന്ധിത സാഹചര്യത്തിൽ 2011 ജൂലൈ മാസത്തിൽ ഡയാലിസിസ് ആരംഭിച്ചു. ആരംഭത്തിൽ എല്ലാ ദിവസവും ഡയാലിസിസ് നടത്തേണ്ടി വന്നു. തുടർമാനമായ ഡയാലിസിസിനിടയിൽ വലത്തേ കയ്യിൽ ഡയാലിസിസിനായി തൊലിക്കടിയിൽ സ്റ്റെന്റ് ഫിക്സ് ചെയ്തിരുന്ന ഭാഗം പഴുത്ത് ഇൻഫക്ഷനായി. തുടർച്ചയായി 17 ദിവസം ആശുപത്രിയിൽ കിടന്നു.

ഡിസ്ചാർജിന് രണ്ട് ദിവസം മുൻപ് ഡയാലിസിസ് റൂമിൽ കയ്യുടെ ആർട്ടറി പൊട്ടി അമിതമായി രക്തം വാർന്നുപോയി. ഒടുവിൽ നേഴ്സ് ഇത് തിരിച്ചറിയുമ്പോഴേക്ക് കണ്ണുകൾ മറഞ്ഞ് മരണത്തോട് അടുത്തു കഴിഞ്ഞിരുന്നു. അതിവേഗം അവർ ഓപ്പറേഷൻ തിയേറ്ററിലേക്ക് കൊണ്ടുപോയി. ആ സമയത്ത് അമ്മിണി സഹോദരി ഇടത്തേ കരമുയർത്തി "ഹാലേലൂയ്യാ, സ്തോത്രം, എന്റെ യേശുവിന് മഹത്വം" എന്നുച്ചത്തിൽ പറഞ്ഞ് അബോധാവസ്ഥയിലേക്ക് പോയി.

ഇതു കണ്ടു നിന്ന ഡോക്ടർ ചുറ്റും നിന്നവരോട് പറഞ്ഞു "ഈ സ്ത്രീ മരിക്കുകയാണ്. അപ്പോഴും അവർ ദൈവത്തെ സ്തുതിക്കുന്നു. അത്ഭുതമായിരിക്കുന്നു."

ഏതായാലും അടിയന്തിര ശസ്ത്രക്രിയ നടന്നു. ദൈവം അത്ഭുതകരമായി ജീവൻ തിരികെ നൽകി. മരണയോർദ്ദാന്റെ തീരം വരെ എത്തിയ ശേഷം മടക്ക യാത്ര. ഇപ്പോൾ ആഴ്ചയിൽ മൂന്നു തവണ ഡയാലിസിസ് ചെയ്യുന്നു. എങ്കിലും കഴിവതും ആരാധനകളും യോഗങ്ങളും മുടക്കാറില്ല.

ജീവിതത്തിനും മരണത്തിനുമിടയിലൂടെ രോഗങ്ങളുടെ കഠിനശോധനകളെ പുഞ്ചിരിയോടെ നേരിട്ട ഈ കുടുംബം ആഴമായ ദൈവാശ്രയത്തിന്റെയും പ്രാർത്ഥനയുടെയും വിടുതലുകളുടേയും ജീവിക്കുന്ന സാക്ഷികളാണ്. ഡാളസ് ഐ.പി.സി.ഹെബ്രോൻ സഭയുടെ പ്രാർത്ഥനാ പിന്തുണയും ആത്മീയ കൂട്ടായ്മയുമാണ് പ്രതിസന്ധികളെ അതിജീവിക്കുവാൻ തങ്ങളെ പ്രാപ്തരാക്കിയതെന്ന് ജോർജ്ജ് കുര്യൻ-അമ്മിണി ദമ്പതികൾ ഉറപ്പിച്ചു പറയുന്നു.

ഈ അടുത്തിടെ അമ്മിണി ജോർജ്ജിന് ഓപ്പൺ ഹാർട്ട് സർജ്ജറി നടത്തണമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. വാൽവുകൾ അടഞ്ഞു കഴിഞ്ഞു അത്രേ. എന്നാൽ "ഇനിയൊരു ശസ്ത്രക്രിയക്ക് വിധേയയായി ജീവിതം വലിച്ചു നീട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല" എന്ന വാക്കുകളോടെ അമ്മിണി ജോർജ്ജ് ആ നിർദ്ദേശം തിരസ്കരിച്ചു. "എന്റെ ജീവിതം മുഴുവൻ ഞാൻ നിരവധി രോഗങ്ങളെയും കഠിന ശോധനകളെയും അഭിമുഖീകരിക്കേണ്ടി വന്നെങ്കിലും എന്നെ ഇത്രത്തോളം നിലനിർത്തിയത് ദൈവകൃപയാണ്. ദൈവപ്രവർത്തിക്കായി ഞാൻ എന്നേത്തന്നേ സമർപ്പിക്കുന്നു....." മൂന്നു മക്കളാണീ ദമ്പതികൾക്ക്. ഷൈനി, ഷിബു, ഷെൽബി,.

ഐ.പി.സി.ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ജോർജ്ജ് കുര്യന്റെ പിതൃ സഹോദര പുത്രനാണ്. പഞ്ചാബിലെയും മറ്റും നിരവധി പ്രവർത്തനങ്ങൾക്ക് ഈ കുടുംബം എല്ലാക്കാലത്തും കൈത്താങ്ങൽ നൽകി വരുന്നു.

# പിൻഗാമികളെ വളർത്താത്ത നേതാക്കൾ

*3-ാം പേജ് തുടർച്ച*

എന്തു കൊണ്ടാണ് സഭ ഇത്തരമൊരു പതനത്തിൽ എത്തിച്ചേർന്നത്? മോശെക്ക് ശേഷം ഒരു യോശുവ നേതൃത്വം ഏറ്റെടുക്കുവാൻ ഉണ്ടാകണമെന്ന് പ്രസംഗിച്ചു നടന്നതല്ലാതെ യോശുവമാരെ വളർത്തിയെടുക്കുവാൻ മുൻകാല നേതാക്കൾ ശ്രമിച്ചില്ല. നമ്മുടെ നേതാക്കന്മാരെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മോശയുടെ നേതൃത്വം കണ്ടും അനുഭവിച്ചും വളർന്ന് നേതാവായി അധികാരമേറ്റ യോശുവ തന്റെ ജീവിത കാലത്ത് പുതിയൊരു ലീഡറെ വളർത്തിയെടുത്തില്ല. ഒടുവിൽ നിങ്ങളെങ്ങനെ നടന്നാലും പ്രശ്നമില്ല. "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും." എന്നു പറഞ്ഞ് കൈ കഴുകുകയാണ് യോശുവ ചെയ്തത്. ഞാനും എന്റെ കുടുംബവും എന്നതിനപ്പുറമുള്ള ദർശനമൊന്നും ഇന്നത്തെ നേതാക്കൾക്കും ഇല്ലല്ലോ.

ഇത് ഐ.പി.സിയുടെ മാത്രം ഗതികേടിന്റെ കഥയല്ല. എ.ജി.യോ, ചർച്ച് ഓഫ് ഗോഡോ, ന്യൂ ഇന്ത്യയോ ഒക്കെ എടുത്തു നോക്കുക. രണ്ടാം നിര നേതൃത്വം എന്നത് ഒരിടത്തുമില്ല. എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് നേതാക്കൾ വളർത്തിയെടുത്തവരുമല്ല. സ്വന്ത കഴിവു കൊണ്ടും, തന്ത്രങ്ങൾ കൊണ്ടും മുകളിലിരിക്കുന്നവന്റെ കാലു വാരിയോ കാലു പിടിച്ചോ നേതൃത്വത്തിലെത്താൻ കൊതിക്കുന്നവരായിരിക്കും.

പൗലൂസ് തിമൊഥെയോസിനെ വളർത്തിയതുപോലെ ഒരു രണ്ടാം നിര നേതൃത്വത്തെ കണ്ടെത്തി വളർത്തിയെടുക്കുവാൻ സഭാനേതൃത്വം തയ്യാറാകുന്നില്ലെങ്കിൽ മലയാളി പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളെല്ലാം വലിയ തകർച്ചയുടെ വക്കിലാണെന്നതിന് സംശയമില്ല. ഇടക്ക് ജേക്കബ് ജോണിനേപ്പോലുള്ളവർ അപ്രതീക്ഷിതമായി നേതൃത്വത്തിലേക്ക് വരുന്നത് നൂറുവർഷത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന അത്ഭുതമാണ്. അത്തരം പരീക്ഷണങ്ങൾ ചില ഷോക്ക് ട്രീറ്റ്മെന്റുകൾക്കുതകും എന്നതിലപ്പുറം പ്രയോജനപ്പെടണമെന്നുമില്ല.

മലയാളി പെന്തെക്കോസ്തിന്റെ ആറാമത്തെ മണ്ടത്തരമായി രണ്ടാം നിര നേതൃത്വത്തെ വളർത്തിയെടുക്കാത്തതിനെ ഞാൻ ലിസ്റ്റു ചെയ്യുന്നു.

ഞാൻ തികഞ്ഞ ശുഭാപ്തി വിശ്വാസിയാണ്. എങ്കിലും കാലങ്ങൾ കഴിയുന്തോറും നമ്മുടെ നേതൃത്വത്തിന്റെ ആത്മീയവും ഭൗതികവുമായ മൂല്യത്തിന്റെ ഗ്രാഫ് ഇന്ത്യൻ രൂപയുടെ മൂല്യം പോലെ മുതലക്കൂപ്പ് കുത്തുന്ന കാഴ്ചയാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. പിന്നെ പരാതി പറഞ്ഞിട്ട് കാര്യമില്ല. നാം അർഹിക്കുന്നതല്ലേ നമുക്ക് കിട്ടൂ.

## അത്ഭുതകരമായ ദൈവിക വിടുതൽ

### പ്രയർസെന്റർ 24 hours

നിങ്ങൾ അനുഭവിക്കുന്ന ഏത് പ്രശ്നങ്ങൾക്കും ദൈവാത്മാവിന്റെ ആലോചനപ്രകാരം പ്രാർത്ഥിച്ച്, അത്ഭുത വിടുതലുകൾ ദൈവം നൽകുന്നു. നിങ്ങളുടെ കുടുംബത്തിന്റെ പ്രാർത്ഥനാ വിഷയങ്ങൾക്കും ബന്ധപ്പെടുക.

Nigil Varghese, Sharon Gospel Ministries, ARA Complex,
Kuttippady Junction, Mannanam, Kottayam-686 501
Mobile No.9605829827, 9946459441, 9747492830,


## ബിലീവേഴ്സ് ആക്ടീവ് മിഷൻ കുടുംബ സംഗമം

വെണ്ണിക്കുളം: വെണ്ണിക്കുളം ആസ്ഥാനമായി കഴിഞ്ഞ 20-ൽപരം വർഷങ്ങളായി ഇന്ത്യയിൽ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ബാം പ്രവർത്തകരുടെ കുടുംബ സംഗമം സെപ്തംബർ 17 -19 വരെ വെണ്ണിക്കുളം മേഖലയിലുള്ള ബാം ഓഫീസിന് സമീപം നടക്കും. വിവിധ പെന്തെക്കോസ്തു സഭകളിലെ കർതൃദാസന്മാർ പ്രസംഗിക്കും. ഈപ്പൻ തോമസ് കപ്പമാമൂട്ടിൽ റാന്നി (ചെയർമാൻ), ചെറിയാൻ ജോർജ്ജ് വെണ്ണിക്കുളം (സെക്രട്ടറി), ജോർജ്ജ് വർഗീസ് കായംകുളം (ട്രഷറാർ), ബേബി ജേക്കബ് പുനലൂർ (ജോ. സെക്രട്ടറി) എന്നിവർ നേതൃത്വം നൽകും.

## ഉപവാസ പ്രാർത്ഥന

വേങ്ങൂർ: ഐ. പി. സി. വേങ്ങൂർ സോദരീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 3-ന് വാളകം ഐ. പി.സി.ഹാളിൽ ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർ ഏബ്രഹാം പി.മാത്യു വചന ശുശ്രൂഷ നിർവ്വഹിച്ചു.

## ക്രൈസ്തവ സംഗീത സായാഹ്നം

തൃശൂർ: പ്രശസ്ത ഗായകനും ഗാനരചയിതാവുമായ പാസ്റ്റർ ഭക്തവത്സലൻ രചിച്ച ഗാനങ്ങൾ കോർത്തിണക്കി തൃശൂരിലെ ക്രൈസ്തവ കലാകാരന്മാർ ഒരുക്കുന്ന സംഗീത സായാഹ്നമായ ആശ്രയം സെപ്തം. 22 ഞായറാഴ്ച റീജണൽ തീയേറ്ററിൽ നടക്കും. പാസ്റ്റർ ഭക്തവത്സനോടൊപ്പം പ്രശസ്ത ഗായകർ ഗാനങ്ങളാലപിക്കും. സംഗീത രംഗത്ത് നാലു പതിറ്റാണ്ട് പിന്നിട്ട ഭക്തവത്സലനെ അനുമോദിക്കും. ടോണി ഡി.ചൊവ്വൂക്കാരൻ (ജനറൽ കൺവീനർ), പാസ്റ്റർ ബിജു ജോസഫ് (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ ഷാജു ജോസഫ് (മ്യൂസിക് കോർഡിനേറ്റർ) എന്നിവർ നേതൃത്വം നൽകും.


## MANASA COLLEGE OF NURSING

(Approved by INC & KNC and Affiliated to RGUHS Banglore)
Hosur Main Road, Malur, Bangalore

B.Sc. (N) | Gen. (N)
P.C. B.Sc.(N) | M.Sc.(N)

Own Hospital & examination Centre
Walkable distance from railway station &
Bus station. 30 minutes drive from Airport
Fees in installments, Eminent faculty

കേരളത്തിലെ ഏക ഇൻഫർമേഷൻ സെന്റർ



SAY എഴുതിയവർക്കും അപേക്ഷിക്കാം

College Information Centre
1st Floor, Amprayil Bldgs,
YMCA Jn. THIRUVALLA
Ph: 0469-2620999, 2606002
Call @ 9947963438 9847170530





## ആസ്ട്രേലിയ പെർത്ത്

കേരളത്തിൽ നിന്ന് ഉപരിപഠനത്തിനും ജോലിക്കുമായി ആസ്ട്രേലിയായിലെ പെർത്തിൽ വരുന്നവർക്ക് വിശുദ്ധിയിലും വേർപാടിലും സത്യദൈവത്തെ ആരാധിക്കുവാൻ ഒരിടം

സ്ഥലം: 445, CHARLES STREET, NORTH PERTH
ആരാധനാ സമയം: SUNDAY 9.30 TO 12.00
Contact : Pr.Roshan Thomas,
62 Glendale Ave., Hamersley-6022
Western Australia
Phone : +61404399916 +919846636431
www.perthgospelchurch.com mtroshan@yahoo.co.in



## മാവേലിക്കര ഐ.ഇ.എം. ൽ 30 ദിവസത്തെ വേദപഠന ക്ലാസ്

### തീയതി: 2013 ഒക്ടോബർ 21 തിങ്കൾ മുതൽ നവംബർ 29 വെള്ളി വരെ

**സമയം: എല്ലാ ദിവസവും രാവിലെ 10 മുതൽ 4 വരെ. ക്ലാസുകൾ എല്ലാ ആഴ്ചയിലും തിങ്കൾ മുതൽ വെള്ളി വരെ**



ഉദ്ഘാടനം
ഇവാ. റെജി.കെ.തോമസ്
(ഐ.ഇ.എം. ഡയറക്ടർ)

For Admission
9847472016

**അദ്ധ്യാപകർ – വിഷയങ്ങൾ**


ഡോ. ജോർജ്ജ് ശാമുവേൽ – ബൈബിളും ശാസ്ത്രവും, ഡോ. കെ.സി. ജോൺ – പ്രസംഗ ശാസ്ത്രം, ഡോ. കുഞ്ഞുമോൻ ചാക്കോ – ടൈം മാനേജ്മെന്റ്, ഡോ. ബി. വർഗ്ഗീസ് – ക്രിസ്തീയ നേതൃത്വം, ഡോ. ഐസക് വി. മാത്യു – കൗൺസലിംഗ്, ഡോ. റ്റി. പി. വർഗ്ഗീസ് – പൗലോസിന്റെ വേദശാസ്ത്രം, ഡോ. ജോൺ മാത്യു – സുവിശേഷങ്ങൾ, ഡോ. പി.എം. ജോർജ്ജുകുട്ടി – ബൈബിളിന്റെ നിസ്തുലത, ഡോ. തോമസ് മാമ്മൻ – അന്ത്യകാലശാസ്ത്രം, ഡോ. ജെയ്സൺ തോമസ് – കാവ്യപുസ്തകങ്ങൾ, ഡോ. ജെസി ജെയ്സൺ – ദൗത്യനിർവ്വഹണം, ഡോ. ജോൺ തോമസ് – വ്യക്തിത്വവികസനം, റവ. എബി. ഏബ്രഹാം – ശിഷ്യത്വം, പാ. ബോസ് എം. കുരുവിള – കാര്യവിചാരകത്വം, പാ. അനിൽ കൊടിത്തോട്ടം – വെളിപ്പാട് – ദാനിയേൽ താരതമ്യപഠനം, റവ. ജോയി പാറയ്ക്കൽ – കർത്താവിന്റെ രണ്ടാം വരവും അനന്തര സംഭവങ്ങളും, സുവി. ജോൺ പി. തോമസ് – ലേവ്യ യാഗത്തിലെ ക്രിസ്തു, പാ. എബി അയിരൂർ – പൗലോസിന്റെ മിഷനറി യാത്രകൾ, പാ. പോൾ ഗോപാലകൃഷ്ണൻ – ബൈബിൾ പ്രവചനങ്ങൾ, പാ. റ്റി. ഡി. ബാബു – ബൈബിളും ഭാവിപ്രത്യാശയും, പാ. കെ. എ. ഏബ്രഹാം – ക്രിസ്തീയ വിദ്യാഭ്യാസം, സുവി. കെ. എ. ജോർജ് – യുഗങ്ങൾ, പാ. രാജു മേത്ര – ദൈവീക ന്യായവിധികൾ, പാ. ബാബു ചെറിയാൻ – യേശുക്രിസ്തു ജീവിതവും ഉപദേശവും, കാനം അച്ചൻ – ഇസ്രായേലിന്റെ ചരിത്രം, രാജൻ ജെ. ആഷേർ – കുടുംബം, പ്രൊഫ. ഡേവിഡ് ഏബ്രഹാം – പ്രാർത്ഥന, പാ. കെ.ഒ. തോമസ് – പഴയനിയമത്തിലെ ക്രിസ്തു, പ്രൊഫ. ജേക്കബ് ചാണ്ടി – പ്രായോഗിക സുവിശേഷീകരണം, ഡോ. സജി ഫിലിപ്പ് – ആരോഗ്യം, റവ. ജോയി പെരുമ്പാവൂർ – ലേഖനങ്ങൾ ഒരു പഠനം, റവ. പി. ജെ. ഏബ്രഹാം – മതങ്ങൾ,

ഏതു സഭയിൽപെട്ട വ്യക്തിയാണെങ്കിലും സഭാവ്യത്യാസം കൂടാതെ ഈ കോഴ്സിൽ സംബന്ധിയ്ക്കാവുന്നതാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും, കർത്ത്യദാസീദാസന്മാർക്കും, ഭാര്യഭർത്താക്കന്മാർ കുടുംബമായും, അങ്ങനെ സമൂഹത്തിന്റെ നാനാതുറകളിലുള്ള ആർക്കും പങ്കെടുക്കാം. 20 വയസ്സിനുമുകളിൽ എത്ര വയസുവരേയും പ്രായമുള്ളവർക്കും പങ്കെടുക്കാം. വിദ്യാഭ്യാസ യോഗ്യതയോ, മറ്റ് മാനദണ്ഡങ്ങളോ പ്രവേശനത്തിന് ഉണ്ടായിരിക്കുന്നതല്ല. ക്ലാസുകൾ മലയാളത്തിൽ. പഠനം, ഭക്ഷണം സൗജന്യം. താല്പര്യമുള്ളവർ 2013 ഒക്ടോബർ 4-ാം തീയതിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്ത് പ്രവേശന പാസ്സ് വാങ്ങേണ്ടതാണ്. പഠനം പൂർത്തീകരിക്കുന്നവരുടെ ഗ്രാജുവേഷനും അംഗീകൃത സർട്ടിഫിക്കേറ്റ് വിതരണവും പഠനാനന്തരം അനവധി ദൈവദാസന്മാരുടെയും ദൈവമക്കളുടെയും സാന്നിദ്ധ്യത്തിൽ ഐ.ഇ.എം. ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടും. ദീർഘവർഷങ്ങൾ വേദപാഠശാലകളിൽ പോയി പഠിക്കുവാൻ സാധിക്കാത്തവർക്ക് സുവർണ്ണാവസരം. കഴിഞ്ഞ വർഷത്തെ കോഴ്സിൽ 400 അപേക്ഷകരിൽ നിന്ന് 150 പേർക്കുമാത്രമാണ് പ്രവേശനം ലഭിച്ചത്, ആയതിനാൽ ഉടൻ തന്നെ നിങ്ങളുടെ സീറ്റ് ഉറപ്പുവരുത്തുക. പഠനവിഷയങ്ങളുടെ പ്രിന്റഡ് നോട്ടും ഫയലും വിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങളും സൗജന്യമായി ക്ലാസുകളിൽ ലഭ്യമാണ്. ആധുനിക സൗകര്യങ്ങളുള്ള പ്രത്യേക ക്ലാസ്സ് റൂം ഇതിനായി സജ്ജീകരിക്കപ്പെട്ടിട്ടുണ്ട്. പങ്കെടുക്കുന്നവർക്ക് സംശയനിവാരണം നടത്തുന്നതിനായി അതാത് മേശകളിൽ ഉച്ചഭാഷണിയുടെ സഹായം ഉണ്ടായിരിക്കുന്നതാണ്. ക്ലാസ്സുകൾ നയിക്കുന്നവരുടെ വിഷയങ്ങൾ ആസ്പദമാക്കിയുള്ള വീഡിയോ പ്രദർശനം നടത്തപ്പെടും. പങ്കെടുക്കുന്നവർക്ക് അവരുടെ സംശയങ്ങൾ ക്ലാസ്സുകളിൽ ചോദിക്കുന്നതിനും സംവാദം നടത്തുന്നതിനും വേണ്ടിയുള്ള പ്രത്യേക ക്രമീകരണവും ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളായി നടന്നുവരുന്ന ഈ കോഴ്സിൽ സമൂഹത്തിന്റെ നാനാതുറകളിലുള്ള 1000 പേർക്ക് പങ്കെടുക്കുവാൻ സാധിച്ചു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ താഴെകാണുന്ന ഫോൺ നമ്പറിൽ ഉടൻ ബന്ധപ്പെടുക.

ദിവസേന വന്നുപോയി പഠിക്കുവാൻ താല്പര്യമുള്ളവർക്ക് മാത്രം പ്രവേശനം. താമസസൗകര്യം നൽകുന്നതല്ല

## യാത്രയായവർ

# ട്രെയിനിൽ നിന്ന് വീണ് മരിച്ചു



തൃശൂർ: ട്രെയിൻ യാത്രക്കിടെ റെയിൽപ്പാളത്തിലേക്ക് വീണ് രണ്ടു കാലുകളും മുറിച്ചു മാറ്റേണ്ടിവന്ന പന്തളം നെടുങ്ങോട്ട് ജോൺ (64)ആഗസ്റ്റ് 30-ന് നിര്യാതനായി. മഹാരാഷ്ട്രയിലെ ചെമ്പൂർ ശാരോൻ സഭാംഗമായ ജോൺ, ഭാര്യ മേരിയോടൊപ്പം 29-ന് മുംബൈയ്ക്കുള്ള ഗരീബിരഥ് എക്സ്പ്രസിൽ യാത്ര ചെയ്യുന്നതിനിടയിൽ തൃശൂർ സ്റ്റേഷനിൽ നിന്ന് ചായ വാങ്ങി ട്രെയിനിൽ കയറുന്നതിനിടയിലായിരുന്നു അപകടം. സ്റ്റേഷൻ വിട്ടു നീങ്ങിയ ട്രെയിനിൽ ഓടിക്കയറുന്നതിനിടയിൽ പിടിവിട്ടു പാളത്തിലേക്ക് വീഴുകയായിരുന്നു.

റെയിൽവേ അധികൃതരാണ് ജോണിനെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് മെഡിക്കൽ കോളജ് ആശുപത്രിയിലും എത്തിച്ചത്. ആശുപത്രിയിലെത്തുമ്പോൾ തന്നെ വലതു കാൽ മുട്ടിന് മീതെ അറ്റുപോയിരുന്നു. ഇടതുകാൽ മുട്ടിനു മുകളിൽ തൊലിയിൽ മാത്രമാണ് തൂങ്ങി നിന്നത്. എട്ടുമണിക്കൂർ നീണ്ട ശസ്ത്രക്രിയക്കൊടുവിൽ രണ്ടുകാലുകളും മുറിച്ചു മാറ്റി.

അപകടത്തെത്തുടർന്ന് രണ്ടു തവണ ജോണിന് ഹൃദയാഘാതം ഉണ്ടാകുകയും, രക്ത സമ്മർദ്ദം വളരെ താഴ്ന്ന നിലയിലായതും, ചികിത്സക്ക് തിരിച്ചടിയായി. മുംബൈയിൽ കൺസ്ട്രക്ഷൻ കമ്പനിയിൽ സൂപ്പർ വൈസറായി ജോലി നോക്കുന്ന ജോണും കുടുംബവും 20 വർഷത്തിലേറെയായി അവിടെയാണ് താമസം. ചെങ്ങന്നൂരിൽ ബന്ധുവിന്റെ വിവാഹത്തിൽ പങ്കെടുത്ത് മടങ്ങുകയായിരുന്നു.

സംസ്ക്കാര ശുശ്രൂഷ മണക്കാല ശാരോൻ ചർച്ചിന്റെ നേതൃത്വത്തിൽ നടന്നു. പാസ്റ്റർ എ.ജി.ജേക്കബ് മുഖ്യ ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർമാരായ സൈമൺ ജോർജ്ജ്, മാത്യൂസ് എം. കുര്യൻ, ഡോ.ബി.വർഗീസ് തുടങ്ങിയവർ ശുശ്രൂഷിച്ചു. പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

മക്കൾ: ജിനു ജോൺ, ജോജു ജോൺ (എഫ്.ടി.എസ് വിദ്യാർത്ഥിയാണ്)

### സാറാമ്മ കുരുവിള



കോട്ടയം: ചാമംപതാൽ പനവേലിക്കുന്നേൽ കുരുവിള ഏലിയാസി(കുഞ്ഞ്)ന്റെ ഭാര്യ സാറാമ്മ കുരുവിള (കുഞ്ഞമ്മ 67) രാജസ്ഥാനിൽ ബിൽവാഡയിൽ സെപ്തംബർ മൂന്നിന് നിര്യാതയായി. സംസ്കാരം ബിൽവാഡ ഫിലദൽഫ്യാ സഭയിൽ പാസ്റ്റർ ജോർജ്ജ് ജേക്കബിന്റെ നേതൃത്വത്തിൽ നടന്നു. മീനടം തടത്തിലായ മണ്ണാത്തിമാക്കൽ കുടുംബാംഗമാണ്.

മക്കൾ: ഷേർലി, ഡെയ്സി, ബ്ലസി. മരുമക്കൾ: ജോൺസൺ, ജോൺ, ജോസ്.

### മദർ ലില്ലിക്കുട്ടി വർഗീസ്



ആലുവ: ദി പെന്തെക്കോസ്ത് മിഷൻ ആലുവ സഭയുടെ മദർ ലില്ലിക്കുട്ടി വർഗീസ് (67) സെപ്തംബർ 2-ന് നിര്യാതയായി, സംസ്കാരം മാമല സെമിത്തേരിയിൽ പാസ്റ്റർ ജോൺ സാമുവേലിന്റെ നേതൃത്വത്തിൽ നടത്തി.

ടി.പി.എം.സുവിശേഷ പ്രവർത്തകരായിരുന്ന പരേതരായ പാസ്റ്റർ എം. എൻ വർഗീസ്, മദർ തങ്കമ്മ വർഗീസ് ദമ്പതികളുടെ മകളാണ്. അഞ്ച് പതിറ്റാണ്ടോളം എറണാകുളം ജില്ലയുടെ വിവിധയിടങ്ങളിൽ സുവിശേഷ പ്രവർത്തകയായിരുന്നു.

### കെ.എം.ആന്റണി



കൊച്ചി: ദി പെന്തെക്കോസ്ത് മിഷൻ എറണാകുളം സെന്റർ സഭയുടെ ആദ്യകാല വിശ്വാസിയും പാണാവള്ളി കണ്ണിക്കാട്ട് വീട്ടിൽ കെ.എം.ആന്റണി (78) സെപ്തംബർ 2-ന് നിര്യാതനായി. സംസ്ക്കാരം മാമല ടി.പി.എം.സെമിത്തേരിയിൽ പാസ്റ്റർ ജോൺ സാമുവേലിന്റെ നേതൃത്വത്തിൽ നടത്തി.

അഞ്ച് പതിറ്റാണ്ടു മുമ്പ് കത്തോലിക്ക സഭയിൽ നിന്ന് ഏകനായി വിശ്വാസത്തിൽ വന്നു. ധാരാളം പേരെ വിശ്വാസത്തിലേക്ക് നയിച്ചിട്ടുണ്ട്. ഭാര്യ: ലീലാമ്മ, മക്കൾ: ഷേർളി അഗസ്റ്റിൻ, ഷാജി കെ.ആന്റണി (കൊച്ചിൻ ട്രേയ്സ് ഫൗണ്ടേഷൻസ്), ടി.പി.എം.മുംബൈ-ഡിലോങ്ങ് മദർ ഷീജ കെ.ആന്റണി, ഷൈജു കെ. ആന്റണി. മരുമക്കൾ: അഗസ്റ്റിൻ, ബേബി ഷാജി, ബിജി

### മറിയാമ്മ ജോർജ്ജ്



കടമ്മനിട്ട: ചാന്തുകാവ് ഐ.പി.സി.സഭാംഗവും പനയ്ക്കൽ പരേതനായ പി.റ്റി.ജോർജ്ജിന്റെ ഭാര്യയുമായ മറിയാമ്മ ജോർജ്ജ് (89) ആഗസ്റ്റ് 18 ന് നിര്യാതയായി. 1970-ൽ കുടുംബമായി ദൈവവേലക്കായി ഇറങ്ങിത്തിരിച്ചു. ഐ.പി.സിയുടെ കൊറ്റനാട്, കീക്കോഴൂർ, വലിയകാവ്, പൂവൻമല, പെരുമ്പെട്ടി, വീയപുരം, മുക്കാലുമൺ, തട്ട, മണക്കാല, വാളകം (മൂവാറ്റുപുഴ), ആനിക്കാട് എന്നിവിടങ്ങളിൽ ശുശ്രൂഷ ചെയ്തു. സംസ്കാര ശുശ്രൂഷ ആഗസ്റ്റ് 23 ന് ഐ.പി.സി കൈപ്പട്ടൂർ ഗോസ്പൽ സെന്ററിലും തുടർന്ന് ഐ.പി.സി കടമ്മനിട്ട ചാന്തുകാവ് സെമിത്തേരിയിൽ നടന്നു. പാസ്റ്റർ അലക്സ് ജോർജ്ജ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

മക്കൾ : പാസ്റ്റർ പി.ജി തോമസ് (ഐ.പി.സി ഗോസ്പൽ സെന്റർ, കൈപ്പട്ടൂർ), എബ്രഹാം പി.ജി., മോളമ്മ, പരേതരായ ജോണിക്കുട്ടി, ബാബു. (പി.വൈ.പി.എ, യു.എ.ഇ)

## ഗോസ്പൽ ഇൻ ആക്ഷൻ കുടുംബ റിട്രീറ്റ്

വയനാട്: ഗോസ്പൽ ഇൻ ആക്ഷൻ മൈസൂർ ജില്ലകളിൽ നിന്നുള്ള പ്രവർത്തകരുടെ കുടുംബറിട്രീറ്റ് പാസ്റ്റർ പി.ഒ. ഏലിയാസ് ഉദ്ഘാടനം ചെയ്തു. ഫെലോഷിപ്പ് സെക്രട്ടറി ഇവാ.പി.ജെ.ജോണും, പാസ്റ്റർ റെജി സെബാസ്റ്റ്യനും ക്ലാസ്സുകൾ നയിച്ചു. പാസ്റ്റർ സുനിൽ വേട്ടമല മുഖ്യസന്ദേശം നൽകി.
മൂന്നൂറ് വിദ്യാർത്ഥികൾ പഠിക്കുന്ന ശിശുവികസനപദ്ധതിയിലെ അധ്യാപകരും അനധ്യാപകരും സ്റ്റാഫും റീട്രീറ്റിൽ പങ്കെടുത്തു. വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുവേണ്ടി നടന്ന പാസ്റ്റർ സുരേഷ് കീഴൂർ സംസാരിച്ചു.

## ഏകദിന സമ്മേളനം

കോതമംഗലം: എ.ജി.കോതമംഗലം സെക്ഷൻ ഡബ്ല്യു.എം.സി.യുടെ ഏകദിന സമ്മേളനത്തിൽ സിസ്റ്റർ ഒമേഗ സുനിൽ മുഖ്യസന്ദേശം നൽകി. കാലടി ടൗൺ എജി സഭാഹാളിൽ നടന്ന സമ്മേളനം പ്രസ്ബിറ്റർ പാസ്റ്റർ പി യു കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. മിനി സാജുമോൻ അധ്യക്ഷത വഹിച്ചു. ലിബി ചെറിയാൻ സ്വാഗതവും രമണി വർഗീസ് കൃതജ്ഞതയും പറഞ്ഞു.

## രക്തദാന ഡിറക്ടറി

എടത്വാ: തലവടി എടത്വാ പ്രദേശങ്ങളിലുള്ള പെന്തെക്കോസ്ത് യുവജനങ്ങളുടെ ഐക്യ വേദിയായ യു.പി.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ രക്തദാന ഡിറക്ടറി പുറത്തിറക്കുന്നു. 2013 ഡിസംബർ 21-ാം തീയതി എടത്വാ ഹോളി എയ്ഞ്ചൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ഗ്രൗണ്ടിൽ വച്ച് നടക്കുന്ന ക്രിസ്മസ് ഗാനസന്ധ്യയിൽ വെച്ച് രക്തദാന ഡിറക്ടറി പ്രകാശനം നിർവ്വഹിക്കും. രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രമുഖർ സമ്മേളനത്തിൽ പങ്കെടുക്കുന്നതാണ്.

ക്രൈസ്തവ സംഗീത ലോകത്തെ അതികായന്മാരായ മിസ്മോർ ഹാർമണിക്ക്, തിരുവല്ലാ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകും. ഇമ്മാനുവൽ ഹെൻഡ്രി ഐഡിയ സ്ററാർ സിംഗർ അതിഥി ഗായകനായി പങ്കെടുക്കും. കൂടുതൽ വിവരങ്ങൾക്ക്: 9562373275, 9847820405

## പാലക്കാട് ചിൽഡ്രൻസ് ക്ലബ്ബ് ട്രെയിനിംഗ്

പാലക്കാട്: കുട്ടികളുടെ ഇടയിലെ നടക്കുന്ന ചിൽഡ്രൻസ് ക്ലബ്ബ്, സണ്ടേസ്കൂൾ, കിഡ്സ് വർഷിപ്പ് എന്നിവക്ക് പരിശീലനം നൽകുന്ന ത്രിദിന പരിശീലന പരിപാടി തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ചിററൂർ ഷാലോം റെസിഡൻഷ്യൽ പബ്ലിക്ക് സ്കൂളിൽ ഒക്ടോബർ 14-16 വരെ നടക്കും. അവാനാ ഇന്റർനാഷണലിന്റെ അന്തർദ്ദേശിയ പരിശീലന വിഭാഗത്തിന്റെ സഹകരണത്തോടെയാണ് നടത്തുന്നത്. മന:ശാസ്ത്രം, പാഠം തയ്യാറാക്കുന്നത്, ഗാന പരിശീലനം, പാഠം പഠിപ്പിക്കുന്നത്, ഒരു കഥയെ പാഠമാക്കുന്നത്, വചനം പഠിപ്പിക്കുന്നത്, ഗെയിം എങ്ങനെ മനോഹരമായി നടത്താം മുതലായ വിഷയങ്ങൾ ദൃശ്യ മാദ്ധ്യമങ്ങളുടെ സഹായത്തോടെ പഠിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9656217909


Helping you reach your DREAM CAREER

MBBS | BDS | Pharm.D

Engineering | Management

Admissions to Reputed Colleges in South India

For Admissions Call @ 9847143030

UPGRADE YOUR NURSING CAREER TO A HIGHER LEVEL

P.C.B.Sc NURSING
Regular & Correspondance

M.Sc NURSING
Regular & Correspondance



DISHAA FOUNDATION

2nd floor, Sankaramangalam Buildings
Cross Junction, Thiruvalla-1
0469-3250555/3268555, 9847143030
dishaafoundation@hotmail.com

www.dishaafoundation.com


## ത്രിപുര സ്റ്റേറ്റ് കൺവൻഷൻ



അഗർത്തല: ഐ.പി.സി. തൃപുര സ്റ്റേറ്റിന്റെ ഏഴാമതു വാർഷിക കൺവൻഷൻ ആഗസ്റ്റ് 10, 11 തീയതികളിൽ സൗത്ത് തൃപുരയിലുള്ള മുഹറം ഗ്രാമത്തിൽ നടന്നു. തൃപുര സ്റ്റേറ്റ് പ്രസിഡന്റ് ഡോ.ജോർജ്ജ് മാത്യു ഉദ്ഘാടനം ചെയ്തു. പാസ്റ്റർ കിരിത്ത് കിഷോർ, അനിൽ ദേവർമ്മ എന്നിവരും സംസാരിച്ചു. കൺവൻഷനോടനുബന്ധിച്ച് പ്രവർത്തക സമ്മേളനം, വിവിധ ഗോത്ര വർഗ്ഗക്കാരുടെ കൾച്ചറൽ പ്രോഗ്രാം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ നടന്നു. പാസ്റ്റേഴ്സ് സുകുമാർ അജോയ്, അനിൽ, ബ്രദർ ദാനിയേൽ രാജു തുടങ്ങിയവർ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നു.

## സോദരീ സമാജം പരസ്യയോഗം



പാമ്പാടി: കാനംസെന്റർ സോദരീസമാജത്തിന്റെ ആഭിമുഖ്യത്തിൽ പതിനാലാം മൈൽ ജംഗ്ഷനിൽ നടന്ന പരസ്യയോഗത്തിൽ പാസ്റ്റർ സാംകുട്ടി ചാക്കോ അധ്യക്ഷനായിരുന്നു. പാസ്റ്റർ വി. സി. ജോൺ, പാസ്റ്റർ പി. ജെ. മാത്യു, സിസ്റ്റർ ഗ്രേസിക്കുട്ടി ബാബു എന്നിവർ ലഘു സന്ദേശങ്ങൾ നൽകി. സിസ്റ്റർ ഒമേഗ സുനിൽ മുഖ്യസന്ദേശം നൽകി. സെന്റർ മിനിസ്റ്റർ പാസ്റ്റർ ഇ. ജെ. ചാക്കോ സംബന്ധിച്ചു. സെക്രട്ടറി ലീലാമ്മ ബേബിയും സഹപ്രവർത്തകരും നേതൃത്വം നൽകിവരുന്നു.

## റാന്നി ഈസ്റ്റ് സെന്റർ കൺവൻഷൻ

റാന്നി: ഐ.പി.സി.റാന്നി ഈസ്റ്റ് സെന്ററിന്റെ 90-ാം കൺവൻഷൻ ജനുവരി 8-12 വരെ ഇട്ടിയപ്പാറ പെനിയേൽ ഗ്രൗണ്ടിൽ നടക്കും. റവ.എ.പ്രതാപ് സിങ്ങാൺ(ചെന്നൈ) ഈ വർഷത്തെ മുഖ്യ പ്രസംഗകൻ. റവ. .കെ.സി.ജോൺ, റവ.വത്സൻ ഏബ്രഹാം, പാസ്റ്റർ ഫിലിപ്പ് പി.തോമസ്, പാസ്റ്റർ വർഗീസ് ഏബ്രഹാം എന്നിവരും പ്രസംഗിക്കും. പെനിയേൽ വർഷിപ്പ് ടീം ആരാധനക്ക് നേതൃത്വം നൽകും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ടി.സി.ഈശോയുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ നേതൃത്വം നൽകും.

## ഇന്ത്യൻ നേഴ്സിന് ഒമാനിൽ അംഗീകാരം



കൊല്ലം-ശൂരനാട് : സുൽത്താനേറ്റ് ഓഫ് ഒമാൻ ഗവൺമെന്റിൽനിന്നും 2012-2013 ലെ ഏറ്റവും നല്ല സ്റ്റാഫ് നേഴ്സ് എന്ന ബഹുമതി ത്രേസ്യാമ്മ ജോസഫി (ജാൻസി)ന് ലഭിച്ചു. സ്വദേശികൾക്ക് മാത്രമാണ് ഈ ബഹുമതി ലഭിക്കാറുള്ളത്. മസ്ക്കറ്റ്, ഒമാൻ പെന്തക്കോസ്ത് അസംബ്ലി സഭാംഗവും, കൊല്ലം ജില്ലയിൽ ശൂരനാട് മംഗലത്ത് ഗിൽഗാൽ വീട്ടിൽ ഷിബു തോമസിന്റെ ഭാര്യയുമാണ്. ആലപ്പുഴ മെഡിക്കൽ കോളേജിലെ 1991-1994 ബാച്ച് ജനറൽ നേഴ്സ് വിദ്യാർത്ഥിയായിരുന്നു ത്രേസ്യാമ്മ. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലും ജോലി നോക്കിയിട്ടുണ്ട്. ജോഹന്ന, ഡാനിയേല എന്നിവർ മക്കളാണ്.

# ഹാലേലൂയ്യ matrimony

**മക്കളുടെ വിവാഹത്തിന് ഒരു ടെലിഫോൺ കോളും 500 രൂപയും**

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**

---

Syrian Christian (Marthomite) pentecost mother invite proposals for her daughter 33 years height 5′, M.Com (Finance) born & brought up in North India convent educated working in a private concern in Kerala. Interested eligible candidate may contact on

**Tel.No. 0469-2686132**

---

പെന്തെക്കോസ്ത് യുവാവ് 26, 6, B.Sc Electronics, Saudi Arabia-യിൽ Office co-ordinator ആയി ജോലി ചെയ്യുന്നു. ഇപ്പോൾ അവധിക്ക് നാട്ടിലുണ്ട്. സുമുഖരായ, ജോലിയുള്ള പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ: 9447698712, 9037077578**
**Email: sujithb840@gmail.com**

---

Proposals inviting for pentacostal boy 32/178cm B.Com., MBA, Fair, from parents of professionally qualified girls. Interested may contact with profile and photo to:

**z.koshy@yahoo.com, 7736207533**

---

"Suitable alliance invited for a believer girl (Syrian christian), convent educated, graduate in Economics, 150cm, D.O.B: 28/04/83, born & brought up in New Delhi. Working with an Imp-ex co. as management executive from parents of baptised believer boys (Min. graduate).

**Please email at alice.kuttanil@hotmail.com or contact at 09958619256 / 011-47078624"**

---

പെന്തെക്കോസ്ത് യുവതി (ഏകമകൾ), 24, 163സെമീ, Fair, GNM Nurse, കൊച്ചിയിലെ പ്രമുഖ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. ഗൾഫിൽ ജോലി ചെയ്യുന്ന യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ: 7736886762, 9249291928**

---

പെന്തെക്കോസ്ത് യുവാവ് 28, വെളുത്ത നിറം, മസ്ക്കറ്റിൽ ഇലക്ട്രീഷ്യനായി ജോലി ചെയ്യുന്നു. ദൈവഭയവും ആത്മീയവുമുള്ള മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. നേഴ്സുമാർക്ക് മുൻഗണന.

**ഫോൺ: 9744796924**

---

**പുനർവിവാഹം**

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 30, 158, PDC, DCA, നാലു വയസ്സുള്ള മകൻ കൂടെയുണ്ട്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ: 9544442496**

---

ഹിന്ദു ഈഴവ വിഭാഗത്തിൽ നിന്ന് വിശ്വാസത്തിൽ വന്ന പെന്തെക്കോസ്ത് യുവാവ് 28, 177 സെമി.ഉയരം, സുമുഖൻ, Graduate in B.Sc Computer Science, Bank-ൽ ജോലി ചെയ്യുന്നു. അനുയോജ്യമായ Graduate/B.Sc Nurse-മാരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**09744982092, 09526457519, pramodkumar4uemail@gmail.com**

---

പെന്തെക്കോസ്ത് യുവതി 26, 152 സെമീ, B.Sc നേഴ്സ്, ഖത്തറിൽ ഡിഫൻസിൽ ജോലി ചെയ്യുന്നു. ഇപ്പോൾ നാട്ടിലുണ്ട്. അനുയോജ്യരും, ആത്മീയരുമായ പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**9447677151, 9645198278**
**proposal4christy@yahoo.com**

---

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 23, 165 സെമീ, വെളുത്ത നിറം, B.A.Economics, Computer, അനുയോജ്യരായ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**9744653872, 9656449845**

---

വടക്കേ ഇന്ത്യയിൽ ജനിച്ചു വളർന്ന സാംബവ പെന്തെക്കോസ്ത് യുവതി 32, BA, B.Th, കേരളത്തിൽ ക്രിസ്തീയ ഓർഗനൈസേഷനിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ദത്തും സ്വീകരിക്കും.

**9947895903**

---

Pentecostal parents settled in UK invite proposal for their son 26 years 5.6', fair & handsom. He was born in Gulf & brought-up until 12th in Kuwait and later till to-day in UK. He speaks & understand Malayalam. He has Degree in Aerospace Engineering from reputed University in UK. Still parents are working and very good financial back ground. His older sister Ph.D holder married and settled. We prefer proposals from US, please respond with full bio-data & recent photograph to: shaloma25@yahoo.com

**Telephone : Land : 0044 1142401618**
**Cell : +07932310265**

---

God fearing baptized Pentecostal boy 33/170cm, B.Com, brought up outside Kerala, working as Marketing Manager in family business. Looking for proposals from God fearing, born again, baptized & qualified girls.

**09714982373, prinothomas@gmail.com**

---


Every good gift and every perfect gift is from above, coming down from the *Father of lights*

Since : 1988 GRACE Visual media

make your dream reality
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,Advertising, Fashion Photography, Cinimatography, Video Album Direction & Event plus...Tension free events...

HIGH DEFINITION PHOTOGRAPHY & VIDEO GRAPHY

*Direction: HEBORN DAVID (sabu)*
*Grace Visual Media Shoranur, palakkad Dt., Kerala, S- India*
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com


## ചെന്നൈ പോരൂരിലേക്ക് സ്വാഗതം

**ആത്മീയ ആരാധന**
**I.P.C.BETHEL ASSEMBLY PORUR**
Samayapuram, 7th Street,
15/2 Canara Bank Road

മലയാളം ആരാധനക്കും, പ്രാർത്ഥനാവശ്യങ്ങൾക്കും, കൗൺസലിംഗ്, ബൈബിൾ സ്റ്റഡി മുതലായവക്ക് വിളിക്കുക.

Near Sri Ramachandra Medical College & Miot Hospital
Time: ആരാധന: 9AM - 11.30AM
സണ്ടേസ്കൂൾ: 8.15 AM to 9AM

**For more details: 07305869434, 07200005325, 08056037717**

## എറണാകുളത്ത് Paying Guest സൗകര്യം

എറണാകുളത്ത് ഇൻഫോപാർക്കിന് സമീപം Ladies-ന് Paying guest സൗകര്യം ഒരുക്കുന്നു. താത്പര്യമുള്ളവർ ബന്ധപ്പെടുക.

**ഫോൺ: 9249420305**

---




BSc.Nursing ₹50,000/yr
MSc.Nursing ₹75,000/yr
Post BSc.Nursing ₹30,000/yr
Pharm D ₹90,000/yr
M Pharm ₹75,000/yr
Engineering ₹50,000/yr
MBA ₹50,000/yr
FEW SEATS AVAILABLE
Call @ 9947963438 9847341000

---

## INTERNATIONAL REVIVAL CHURCH, TORONTO

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9

***Sunday Worship Service:***
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



***Pastor John Thomas (647) 833 9744***
pastorjt@irctoronto.com Web:**www.irctoronto.com**

WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.

---

## കോയമ്പത്തൂരിൽ ആത്മീയ ആരാധന

(IPC, CHAVADY)

**സ്ഥലം:** പാലക്കാട് – കോയമ്പത്തൂർ റൂട്ടിൽ കെ.കെ. ചാവടിക്ക് സമീപം
*സമയം:* ആരാധന (ഞായർ 10.00 – 12.30), ഉപവാസ പ്രാർത്ഥന (വെള്ളി 10.30 – 1.00)
കൂടാതെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള കൗൺസലിംഗ്, പ്രാർത്ഥന എന്നിവയും നടത്തപ്പെടുന്നു.

**Pr.J.Johnson/Ph:9751599201**
**email: knowword@gmail.com**

---

## WWW.GODSOWNLANGUAGE.COM

സൗജന്യ മലയാള ക്രൈസ്തവ റിസോഴ്സ് വെബ്സൈറ്റ്



സമ്പൂർണ്ണ മലയാളം ബൈബിൾ പ്രി. ഡി. എഫ് & യൂണിക്കോഡ്, ഓൺലൈൻ റേഡിയോ, ലൈവ് ടി.വി., ലേഖനങ്ങൾ, പുസ്തകങ്ങൾ, ക്രൈസ്തവ മാസികകൾ–പത്രങ്ങൾ, പാട്ടു പുസ്തകങ്ങൾ, ട്രാക്റ്റുകൾ, ബൈബിൾ വോൾപേപ്പറുകൾ, പ്രസംഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, ഓഡിയോ ബൈബിൾ, ബൈബിൾ കഥകൾ, ഗാനങ്ങൾ, കുട്ടികൾക്കുള്ള ഗാനങ്ങൾ, നിരവധി ഓഡിയോ – വീഡിയോ മെറ്റീരിയലുകൾ, ബൈബിൾ സോഫ്റ്റ്‌വെയറുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ തുടങ്ങി ഒട്ടനേകം മലയാള ക്രൈസ്തവ വിഭവങ്ങൾ.... അതും തികച്ചും സൗജന്യമായി......



facebook WWW.FACEBOOK.COM/GODSOWNLANGUAGE

---

## ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്

- 'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
- 'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
- 'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ

**IPC SHALOM FELLOWSHIP**
*real pentecostals*

എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.

ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.

Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

---

**21-ാം വർഷം**

**മണിമലയാറിന്റെ തീരത്ത് ആത്മീയ ആരാധനക്ക്**

## ഐ.പി.സി ബഥേൽ വർഷിപ്പ് സെന്റർ

**ലയൺസ് ക്ലബിന് സമീപം, മണിമല**



**കൃപാവരശുശ്രൂഷകൻ**
**പാസ്റ്റർ സജി പി എബ്രഹാം (കാനം സജി)**
**നേതൃത്വം നൽകുന്നു.** ഫോൺ: **9846184544**

ആരാധന: ഞായർ 10.00-1.00
സണ്ടേസ്കൂൾ 9.00-10.00
ഉപവാസയോഗം: വെള്ളി 10.30-1.00

**ആരാധന – വിടുതൽ – ദൈവീക ആലോചന**

---

## തിരുവനന്തപുരത്ത് സെല്ലാറുകൾ വില്പനക്ക്

തിരുവനന്തപുരത്ത് നെട്ടയം മലമുകളിൽ 12 അടി വഴി frontage ഉള്ള പണി പൂർത്തീകരിച്ച രജിസ്ട്രേഷൻ നടന്നു കൊണ്ടിരിക്കുന്നതുമായ സെല്ലാറുകളും (കല്ലറകൾ) പരുത്തുംപാറയിലും വില്പനക്ക്.

**ഫോൺ: 8714229702, 8547702705.**

